ഒക്ടോബർ 2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വാല്യം - 26 ലക്കം - 10





മുഖപത്രിക

# ഹരിത സൗഹൃദ തീർത്ഥാടനം

വിശുദ്ധിയിൽ ജീവിച്ച് അനേകരെ ആ വിശുദ്ധിയിലേക്ക് ആകർഷിച്ച ഒരു പുണ്യ പിതാവിന്റെ സവിധത്തിലേക്ക് അനേകായിരങ്ങൾ തീർത്ഥാടകരായി എത്തുന്നു. തന്റെ ജീവിതകാലത്ത് ദൈവബന്ധത്തിൽ പ്രാർത്ഥനയോടും തപോനിഷ്ഠയോടും വ്രതാനുഷ്ഠാനങ്ങളോടും ജീവിച്ച് ലോകസുഖങ്ങളെ വെടിഞ്ഞ് ജീവിച്ച വിശുദ്ധനായിരുന്നു വി. പരുമല തിരുമേനി. ദൈവത്തോടും പ്രകൃതിയോടുമുള്ള സുതാര്യമായ ബന്ധം മനുഷ്യന് നഷ്ടപ്പെട്ടത് തിരിച്ചെടുക്കാൻ പ്രയത്നിച്ച സന്യാസവര്യനായിരുന്നു ഈ പുണ്യപിതാവ്.

സ്വന്തം ആവശ്യങ്ങളെ ഏറ്റവും ചുരുക്കി സമൂഹത്തിനുവേണ്ടിയും, പൊതുനന്മയ്ക്കുവേണ്ടിയും, പട്ടിണിക്കാരന്റെ വിശപ്പ് മാറ്റുന്നതിനും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായും പ്രയത്നിച്ച ഒരു പിതാവ്. ആ പുണ്യപിതാവിന്റെ തിരുശേഷിപ്പുകൾ കുടികൊള്ളുന്ന കബറിടം ലക്ഷ്യംവെച്ച് പദയാത്രികരായി കടന്നുവരുന്നവരുടെ എണ്ണം വർഷം കഴിയുന്തോറും കൂടിവരുന്നുണ്ട്. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം നേടുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും തീർത്ഥാടകരായി വരുന്നവർ പലപ്പോഴും തങ്ങളുടെ യാത്രയുടെ ലക്ഷ്യം വിസ്മരിച്ചുപോകുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈ പെരുന്നാൾ അവസാനിക്കുമ്പോൾ അതിൽ സംബന്ധിച്ചവരുടെ എണ്ണത്തെക്കുറിച്ചും വരുമാനത്തെക്കുറിച്ചും അതിന്റെ പ്രൗഢിയെക്കുറിച്ചും നാം പറയാറുണ്ട്. എന്നാൽ തീർത്ഥാടനങ്ങൾ സമൂഹത്തിന് വരുത്തിവയ്ക്കുന്ന വിനകളെക്കുറിച്ച് നാം പലപ്പോഴും ചിന്തിക്കാറില്ല. തീർത്ഥാടകരായി കടന്നുവരുന്നവർ വഴിയരികിൽ വലിച്ചെറിയുന്ന ആഹാരാവശിഷ്ടങ്ങളും പ്ലാസ്റ്റിക് അവശിഷ്ടങ്ങളും പരിസ്ഥിതിയെ എന്തുമാത്രം മലിനമാക്കുന്നു. പ്ലാസ്റ്റിക് പോലെയുള്ള അജീർണ്ണവസ്തുക്കൾ നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കുവാൻ ക്രമീകരിച്ചാൽ മലിനീകരണത്തിൽ നിന്ന് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുവാൻ സാധിക്കും.

തീർത്ഥാടകർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ലഘുഭക്ഷണം നൽകുന്നത് ആവശ്യമാണ്. എന്നാൽ ഇത് നിശ്ചിത ദൂരത്ത് ക്രമീകരിക്കപ്പെടാത്തതിനാൽ ആഹാരത്തിന്റെ ദുർവിനിയോഗത്തിന് ഇടവരുന്നു. ആയതുകൊണ്ട് ഇക്കാര്യങ്ങളിൽ ഒരു നിയന്ത്രണം ഏറ്റം ആവശ്യമായിരിക്കുന്നു. ആഹാര ദുർവിനിയോഗത്തിനെതിരായുള്ള ആഹ്വാനം നമ്മുടെ കർത്താവിന്റെ അപ്പം വർദ്ധിപ്പിച്ച അത്ഭുതങ്ങളിൽ നമുക്ക് വായിച്ചെടുക്കുവാൻ കഴിയുന്നു. മിച്ചം വന്ന അപ്പം കുട്ടകളിൽ ശേഖരിച്ചെടുത്തത് ഇതിന് തെളിവാണ്.

ഓരോ ഇടവകയിൽ നിന്നും രണ്ടും മൂന്നും വാഹനങ്ങളും അതിലെ ഉച്ചഭാഷിണികളും ഉയർത്തുന്ന ശബ്ദമലിനീകരണം നാം ചിന്തിക്കാറില്ല. തീർത്ഥാടകർ പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് പദയാത്രയിൽ സംബന്ധിക്കുന്നതിനു പകരം സമൂഹത്തിന് ഉപദ്രവമുണ്ടാക്കുന്ന തരത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് നിയന്ത്രണവിധേയമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. 'ദൈവത്തിന് എന്തിനിത്ര ഒച്ച' എന്ന D. C കിഴക്കേമുറിയുടെ ചിന്തോദ്ദീപകമായ വാക്കുകൾ പൂർണ്ണഗൗരവത്തോടെ സഭ പരിഗണിച്ചേ മതിയാകൂ.

പ്രകൃതിയെ എന്നും സ്നേഹിക്കുകയും പ്രകൃതിയോട് ചേർന്ന് ജീവിക്കുകയും ഈ പ്രപഞ്ചത്തെ സ്നേഹിക്കുവാനും പഠിപ്പിച്ച ഈ പുണ്യപിതാവിന്റെ ഓർമ്മയിൽ നാം സംബന്ധിക്കുമ്പോൾ ഒരു 'ഹരിത സൗഹൃദ തീർത്ഥാടന'ത്തിൽ (Eco Friendly Pilgrimage) പങ്കുചേരുവാൻ നമുക്ക് ശ്രദ്ധിക്കാം.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

1987-2013 വാല്യം – 26 ലക്കം – 9

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

പരസ്യനിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ.... ഒക്ടോബർ 2013

**5** ഇടയപത്രിക
**ഗുരു–ശിഷ്യ ബന്ധം**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**6** കവിത
**സ്മരണഗീതം**
മേരിക്കുട്ടി മാത്യു

**7** ആരാധനാ വിജ്ഞാനീയം
**രൂപാന്തരപ്പെട്ട പ്രപഞ്ചം–വിശുദ്ധന്മാർ**
ഫാ. സഖറിയാ പനയ്ക്കാമറ്റം

**9** **ശത്രുവിന്റെ ശത്രു മിത്രം**
ഡോ. എം. കുര്യൻ തോമസ്

**11** വചനപരിച്ഛേദം
**വിശുദ്ധീകരണം അത്ഭുതങ്ങൾക്കു വഴി തുറക്കുന്നു**
ഫാ. പി.വി. ജോൺ

**16** കവിത
**പരുമല പുണ്യവാളൻ**
തടിയൂർ ഭാസി

**17** **ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി**
ഫാ. പി.കെ. കോശി

**21** ലേഖനം
**1686–ലെ ചെങ്ങന്നൂർ സുന്നഹദോസും കാനോനിക നോമ്പുകളും**
ഫാ. ഡോ. തോംസൺ റോബി

**23** ഏവൻഗേല്യോന്വ്യാഖ്യാനം
**മെൽതോ**
ഫാ. ബിജു റ്റി. മാത്യു

**26** **ഓർത്തഡോക്സ് സഭ ഉത്തർഖണ്ഡിലേക്ക്**
ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ

ബാലപത്രിക 27
ഭദ്രാസന വാർത്തകൾ 28
സണ്ടേസ്കൂൾ വാർത്തകൾ 29

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479 - 2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 - 2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി



ഇടയശബ്ദം

# ഗുരു – ശിഷ്യ ബന്ധം
## തെരുവിൽ ചോദ്യം ചെയ്യപ്പെടാനുള്ളതല്ല

വിവരസാങ്കേതിക വിദ്യയുടെ വിസ്മയങ്ങൾ സജീവമാകുന്ന ഉത്തര ആധുനിക കാല ഘട്ടത്തിൽ ഗുരുശിഷ്യ ബന്ധത്തിന്റെ പവിത്രത ചോദ്യം ചെയ്യപ്പെടുന്നു. അറിവിന്റെ ആഴത്തിലേക്ക് ശിഷ്യനെ കൈപിടിച്ച് ആനയിച്ചിരുന്ന ദൈവ സാന്നിദ്ധ്യബോധ പ്രതീകമായിരുന്ന ഗുരു സങ്കല്പം ഇന്ന് തകർക്കപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥിക്ക് ശരിയായ ദിശാബോധം പകരുവാൻ ശ്രമിക്കുന്ന ഗുരുക്കന്മാരെ പകയോടും, വാശിയോടും, വൈരാഗ്യബുദ്ധിയോടും കാണുന്ന വിദ്യാർത്ഥികൾ കൂടുതലായി ഉണ്ടാകുന്നു. ഗുരുവിന്റെ ശിരസ്സ് ഛേദിച്ചും, ഗുരുവിന്റെ കരം വെട്ടിയും, ഗുരുവിനെതിരെ അപവാദ പ്രചരണങ്ങൾ നടത്തിയും ശിഷ്യന്മാർ സംഹാരതാണ്ഡവം നടത്തുന്ന കലികാലമായി മാറുന്നു നമ്മുടെ രാജ്യം.

ഉപഭോഗതയുടെ വേലിയേറ്റങ്ങൾക്ക് നടുവിൽ എല്ലാം കച്ചവടവൽക്കരിക്കപ്പെട്ടപ്പോൾ അറിവും ആ ഗണത്തിൽപ്പെട്ടു എന്നതാണ് ഈ ദുരന്തത്തിന്റെ അടിസ്ഥാനം. ഗുരുവിനെ വെറും ശമ്പളക്കാരൻ ആയിമാത്രം കണ്ട് അതിലപ്പുറം അവർക്ക് റോളില്ല എന്ന് പ്രഖ്യാപിക്കപ്പെടുമ്പോൾ സ്വന്തം ജീവിതത്തിൽ ഒരു തിരിപോലും കൊളുത്തി വയ്ക്കാൻ കഴിയാത്ത അറിവുകൾ ഭാരമാണ് എന്ന് ആര് ഈ തലമുറയ്ക്ക് പറഞ്ഞ് കൊടുക്കും?

വിദ്യയുടെ സാർവ്വലൗകിക ഭാവങ്ങളെ തമസ്ക്കരിച്ച് ഇന്ന് വിദ്യാഭ്യാസത്തിൽ നാം വളർത്തിയെടുക്കുന്നത് ഏകശിലാത്മക ഭാവങ്ങളാണ് (monolithic values). ഇത് ലാഭ സംബന്ധമായ അന്വേഷണങ്ങൾ മാത്രമാണ് ലക്ഷ്യമിടുന്നത്. ലാഭവും, നേട്ടവും, കരിയറിസവുമൊക്കെ അറിവിന്റെ അടിസ്ഥാന ശിലകളായി പ്രത്യക്ഷപ്പെട്ടപ്പോൾ ആദരവ്, ബഹുമാനം, വിനയം എന്നീ ഭാവങ്ങൾക്ക് വിലയില്ലാതെയായി മാറുന്നു.

ക്രിസ്തുവിന്റെ കൂടെ സഞ്ചരിച്ചപ്പോഴും ശിഷ്യന്മാർ ആരും അവനിൽ ആയിരുന്നില്ല എന്ന് നാം തിരിച്ചറിയുന്നുണ്ട്. ശിഖരങ്ങൾ അവനിലേക്ക് ചാഞ്ഞ് നിന്നപ്പോഴും വേരോട്ടങ്ങൾ മറ്റ് എവിടെയോ ആകുന്ന ദയനീയതയാണ് കുരിശിന്റെ ചുവട്ടിൽ നിന്ന് ശിഷ്യന്മാരെ അകറ്റിയത്. ശിഷ്യൻ എന്ന് ധ്വനിപ്പിക്കുന്നു എന്നാൽ ശിഷ്യത്വത്തിൽ വസിക്കുന്നില്ല. ഇതാണ് അന്നും ഇന്നും നാം നേരിടുന്ന അപകടം.

ജ്ഞാനിയായ ശലോമോൻ വിദ്യാഭ്യാസത്തെപ്പറ്റി സദൃശ്യവാക്യങ്ങളിൽ നിർവ്വചിക്കുന്നത് ശ്രദ്ധേയമാണ്. സദൃശ്യവാക്യങ്ങൾ 3:21-ൽ ജ്ഞാനം മാത്രം പോരാ വക തിരിവുകൂടി വേണം എന്ന് ആവശ്യപ്പെടുന്നു. "മകനേ ജ്ഞാനവും വകതിരിവും കാത്തുകൊൾക അവ നിന്റെ ദൃഷ്ടിയിൽ നിന്ന് മാറിപ്പോകരുത്. അവ നിനക്ക് ദിവ്യവും നിന്റെ കഴുത്തിലെ അലങ്കാരവും ആയിരിക്കും." ജ്ഞാനത്തിന്റെ ലഭ്യതയ്ക്കായി ഒരു വകതിരിവും ഇല്ലാത്ത സമീപനങ്ങൾ വച്ചു പുലർത്തുന്ന ശൈലിയാണ് നമ്മുടെ വിദ്യാഭ്യാസത്തെ ഇല്ലാതെയാക്കുന്നത്. (സദൃശ്യ. 3:5) 'പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്തം വിവേകത്തിൽ ഊന്നരുത് എന്ന അടിസ്ഥാനതത്വം നാം മറക്കുന്നു. ഗുരുസാന്നിദ്ധ്യം തീരെ അവഗണിച്ച് മുന്നേറുന്ന ശിഷ്യന്മാരെപ്പറ്റി ശലോമോൻ സദൃശ്യവാക്യങ്ങൾ 5:13 ൽ വിലപിക്കുന്നു. "എന്റെ ഉപദേഷ്ടാക്കന്മാരുടെ വാക്ക് ഞാൻ അനുസരിച്ചില്ല. എന്നെ പ്രകോപിപ്പിച്ചവർക്ക് ഞാൻ ചെവികൊടുത്തില്ല."

പൗരസ്ത്യ വേദശാസ്ത്രം അറിവിന്റെ ഉന്നത തലങ്ങളെ 'പ്രകാശിതബോധം' (Enlightend Consciousness) എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ ഉന്നത ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിച്ച്, അനുഭവങ്ങളിലേക്ക് വഴുതി മാറാത്ത എല്ലാ അറിവുകളും പാതിവഴിയിൽ ഉടഞ്ഞുപോകും എന്ന് തിരിച്ചറിഞ്ഞ്, പരിപാവനമായ ഗുരുശിഷ്യ ബന്ധത്തെ സുപ്രഭമാക്കാൻ നമുക്ക് പരിശ്രമിക്കാം.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**



# പരിശുദ്ധനായ പരുമല തിരുമേനിയുടെ

# സ്മരണഗീതം

**മേരിക്കുട്ടി മാത്യു**

*(സ്വർഗ്ഗരാജ്യ സിംഹാസനമേറി സ്ഥിതി ചെയ്യുന്നവനേ- എന്ന രീതി)*

മാനവർ വാഴ്ത്തും പരിശുദ്ധൻ താതൻ മാർ ഗ്രീഗോറിയോസ്സ്
മലങ്കരയാം മലർവാടിയിലെ നറുമണമേകും പനിമലരേ
മലങ്കര സഭതൻ അഭിമാനം ആത്മീയ ശ്രേഷ്ഠാ പരിശുദ്ധാ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

ദൈവിക സന്തോഷം പ്രാപിയ്ക്കാനായി ബാല്യത്തിൽത്തന്നെ
ദൈവഹിതേ സ്വയമർപ്പിച്ച പരിശുദ്ധൻ താപസശ്രേഷ്ഠൻ
രോഗം പൈശാചികശക്തി ഇവയെ അതിജീവിച്ചവനേ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

അഴിപ്പുര വാസത്തിൽ സാത്താനെ ജയിച്ച അതിപ്രാധാന്യമെഴും
ആത്മവിശുദ്ധിയെ നൽകുന്ന പ്രാർത്ഥനനോയ്മ്പുപവാസത്തിൽ
പ്രാപിച്ചൊരു ദൈവികശക്തി കൈമുതലാക്കിയ പരിശുദ്ധാ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

പാപബോധത്താൽ അനുതാപം പേറും വിങ്ങിയ ഹൃദയവുമായ്
പരിപാവനനാം കർത്താവിൻ കബറിടം പൂകിയ പരിശുദ്ധാ
നിൻ കബറിങ്കലണയുന്ന മക്കളിവർക്കായ് പ്രാർത്ഥിയ്ക്കാൻ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

സ്വാർത്ഥ ചിന്തകളാൽ മലിനപ്പെട്ടവരാം ലോകമയന്മാരെ
സ്വർഗ്ഗീയ പിതാവിന്നൊപ്പം സംയോജിപ്പിച്ചൊരു താതൻ
ദയറാക്കാരുടെ മകുടമതാം ദൈവിക കാന്തിയെഴും താതാ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

ആംഗല ഭാഷയ്ക്കായ് അനവധി സ്കൂളുകളും സ്ഥാപിച്ചൊരു താതൻ
ആ ക്രൈസ്തവ കുഞ്ഞുങ്ങളെയും തന്നുടെ സഭതൻ മക്കളെയും
ജ്ഞാനം നൽകി നയിച്ചവനേ നല്ലിടയാ ശ്രേഷ്ഠാചാര്യാ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

നാനാ ജാതികളെ സ്നാനം നൽകിത്താൻ സഭയിൽ ചേർത്തപ്പോൾ
നല്ലൊരു താതാ നിൻ മഹിമ ലോകമതെങ്ങും കീർത്തിച്ചു
പരിശുദ്ധാത്മാവിൻ കൃപയാസ് അത്ഭുതമനവധി ചെയ്തവനെ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

തലമുറ തലമുറയായ് ഓർക്കും പരിശുദ്ധാ നിന്നുടെ മക്കളിവർ
തന്നുടെ ഗുണമാം ആത്മഫലം പ്രാപിയ്ക്കാനായ് പരനോട്
ഏഴകളാകും മക്കൾക്കായ് മാദ്ധ്യസ്ഥം നിന്നീടാനായ്
ഓർക്കണമേ...... ഞങ്ങളെ എന്നാളും

അന്ത്യദിനത്തിൽ പരിശുദ്ധൻ സവിധേ മാതാ പരിശുദ്ധൻ
അണയും വാനവവൃന്ദമതും മാലാഖകളുടെ ചിറകടിയും
മനഃതാരിൽ കണ്ടൊരുതാതാ മാനസശുദ്ധിയെ പ്രാപിപ്പാൻ
ഓർക്കണമേ...... ഞങ്ങളെ എന്നാളും

നല്ല പോർ പൊരുതി ഓട്ടം നീ തികച്ചു വിശ്വാസം കാത്തു
നീതിയതാകും പൊൻ മകുടം താതൻ നിൻ ശിരസ്സിൽ ചൂടും
താതൻ തന്നുടെ വലഭാഗെ വാണരുളുന്നൊരു പരിശുദ്ധാ
ഓർക്കണമേ...... ഞങ്ങളെ എന്നാളും



# രൂപാന്തരപ്പെട്ട പ്രപഞ്ചം– വിശുദ്ധന്മാർ

*"മാനവരാശിയ്ക്കായ്– ജീവനെയേന്തുന്ന*
*വ്യാപാരികളാംപരിശുദ്ധ – ൻമാരെ ശ്ലോമൊ*
*അർത്ഥിജനങ്ങൾക്കായ്– പ്രാർത്ഥനയാം നിധിതൻ*
*വാതിൽ തുറന്നൊഴിവാക്കണമെ – ബാധകളെല്ലാം"*
*(വ്യാഴം സന്ധ്യാ നമസ്ക്കാരം)*

## ഫാ. സഖറിയാ പനയ്ക്കാമറ്റം

'മനുഷ്യവർഗ്ഗത്തിനായി ജീവനെ വഹിച്ചിരിക്കുന്ന വ്യാപാരികളായ പരിശുദ്ധന്മാരെ! നിങ്ങളുടെ സമൂഹത്തിന്മേൽ സമാധാനം ഉണ്ടായിരിക്കട്ടെ. നിങ്ങളുടെ വലിയ നിധിയാകുന്ന പ്രാർത്ഥനകളുടെ ഭണ്ഡാരങ്ങളെ തുറന്ന്, യാചിക്കുന്ന ആവശ്യക്കാരെ സകല ഉപദ്രവങ്ങളിൽ നിന്നും കാത്തുകൊള്ളുകയും ചെയ്യണമെ'. ഒരു ആഴ്ചവട്ടത്തെ നമസ്ക്കാരത്തിന്റെ ക്രമീകരണത്തിൽ സൂത്താറാ നമസ്ക്കാരം എല്ലാ ദിവസവും അനുതാപത്തിന്റേതാണ്. സന്ധ്യാനമസ്ക്കാരങ്ങളിൽ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ച് ചൊല്ലുന്ന അപേക്ഷകളെ തുടർന്നും തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ മൂന്നാം മണി നമസ്ക്കാരവും, രാത്രിയുടെ ആദ്യത്തെ സ്തുതിപ്പും (എനിയോനൊ) രാത്രിയുടെ മൂന്നാം കൗമ്മായും അനുതാപത്തിന്റെ പ്രാർത്ഥനകളായിട്ടാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

മാമോദീസാ സ്വീകരിച്ചവരിൽ ഒരാളെ വിശുദ്ധനായും, മറ്റുള്ളവരെ അല്ലാതെയും കരുതപ്പെടുന്ന സ്ഥിതി വിശേഷം ആദിമസഭയിൽ ഉണ്ടായിരുന്നില്ല. മാമോദീസാ കൈക്കൊണ്ട എല്ലാവരെയും വിശുദ്ധന്മാർ എന്ന് അറിയപ്പെട്ടിരുന്നു. എന്നാൽ വിശ്വാസത്തിനുവേണ്ടി സഹദാ മരണം പ്രാപിച്ചവർക്കും മരണതുല്യമായ പീഡ അനുഭവിച്ചിട്ടുള്ളവർക്കും, സത്യവിശ്വാസം പഠിപ്പിച്ച വിശ്വാസ വീരന്മാർക്കും, വിശുദ്ധ ജീവിതം നയിച്ച് സ്വാഭാവിക മരണം പ്രാപിച്ച ദയറാക്കാർക്കും പ്രത്യേകമായ ആദരവുകൾ ആദ്യം മുതലേ സഭയിൽ നൽകപ്പെട്ടിരുന്നു. വി. തുബ്ദേനിൽ അനുസ്മരിക്കപ്പെടുന്ന പിതാക്കന്മാരെല്ലാം തന്നെ അങ്ങനെ ആദരവ് ലഭിച്ചിട്ടുള്ള പുണ്യ പുരുഷന്മാരാണ്.

**വിശുദ്ധിയുടെ മാനദണ്ഡം:–**

അഗാധമായ ആത്മീയ ബോധം ജീവതത്തിലുടനീളം നിലനിർത്തുന്നതിന് വിശുദ്ധന്മാർക്ക് സാദ്ധ്യമായിത്തീരുന്നു. വിശേഷിച്ച് എല്ലാ യാമങ്ങളിലും ഹൃദയം ദൈവത്തോട് ചേർത്ത് സ്ഥിരമായ ഭക്തിയോടെ പ്രാർത്ഥനകൾ തികയ്ക്കുന്നതിൽ അവർ ശ്രദ്ധാലുക്കളായിരുന്നു. ഉത്തമ ഇടയന്മാരായി അജഗണങ്ങളെ ആനയിച്ചും, രോഗികളെയും അനാഥരെയും ശുശ്രൂഷിച്ചും പ്രാർത്ഥനയാൽ വസന്തകളെയും ഉപദ്രവങ്ങളെയും അകറ്റിയും, ഏറ്റവും എളിമയോടെ സുവിശേഷ ദൗത്യം നിറവേറ്റിയും, ആത്മനിറവിൽ അവർ ജീവിച്ചവരായിരുന്നു. ഭൂമി മുഴുവൻ നിലനിൽക്കേണ്ടതായ ദൈവസ്നേഹത്തിന്റെ സാക്ഷാൽ വാഹികളായി, അവരെ സംബന്ധിച്ച് പ്രപഞ്ചത്തിൽ ദൈവനിയോഗം എന്തെന്ന് മനസ്സിലാക്കി ജീവിതം ചിട്ടപ്പെടുത്തിയവർ തന്നെ.

**വിശുദ്ധന്മാരോടുള്ള സംസർഗ്ഗം :–**

'നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ശക്തിയുള്ളതാകുന്നു. (സദൃ.10:7) ഒരു പ്രവാചകനെ പ്രവാചകൻ എന്ന പേരിൽ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിയ്ക്കുന്നു.

(വി. മത്തായി 10:14) നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവീൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ (എബ്രായർ 13:7) എന്ന് ലേഖന കർത്താവ് ഉൽബോധിപ്പിക്കുന്നു. സാക്ഷികളുടെ സമൂഹത്തിന്റെ ഏറിയ പങ്കും വെണ്മയുള്ള വസ്ത്രധാരികളായി നിൽക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമത്രെ. ക്രിസ്തുവിലുള്ള വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച പ്രപഞ്ചത്തിന്റെ ഭാഗമത്രെ.

വിശുദ്ധന്മാരോടുള്ള സംസർഗ്ഗം പ്രാർത്ഥനയിലൂടെ സംജാതമാകുമ്പോൾ അഗാധമായ ഒരനുഭവത്തിലേക്ക് അവർ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ആന്തരീക ജീവൻ കൂടുതലായി പ്രദാനം ചെയ്യുവാൻ പര്യാപ്തമായ പാഠങ്ങൾ വിശുദ്ധസംസർഗ്ഗം നൽകിക്കൊണ്ടിരിക്കുന്നു. വിശുദ്ധന്മാരുടെ ജീവിതം ഹൃദയത്തെ സ്പർശിക്കുമ്പോൾ നല്ലതായിട്ടുള്ളത് പുറത്തുവരുന്നു. ഹൃദയം മൃദുലമായി, മരിച്ചവന് ജീവിതം സാദ്ധ്യമാണെന്നുള്ള സുബോധവും ഉണ്ടാകുന്നു. ഓരോ ദിവസവും സ്വീകരിക്കേണ്ടതും, സ്വയം പുതുക്കുന്നതുമായ മാനസ്സാന്തരമാകുന്ന അനുഭവം വിശുദ്ധന്മാരോടുള്ള സംസർഗ്ഗത്തിന്റെ സഹായത്താൽ ലഭിയ്ക്കുന്നു. അതിനാൽ വിശുദ്ധന്മാരോടുള്ള സ്തുതിപ്പുകളുടെ ഭാഗത്തെ തുടർന്ന് അനുതാപത്തിന്റെ അപേക്ഷകളും ആരാധനാ ക്രമത്തിൽ അനുയോജ്യമായി ചേർത്തിരിക്കുന്നു.

**ദൈവം നമുക്ക് സമീപസ്ഥൻ :-**

ആകാശം നീല മേലാപ്പു കെട്ടിയ ഒന്നാണെന്ന് ചില പ്രായത്തിൽ ചിന്തിക്കുന്നു. ഉയർന്ന പർവ്വതത്തിൽ കയറിയാൽ അവിടെ തൊടാമെന്ന് സംശയിക്കുന്നു. എത്ര ഉയർന്ന പർവ്വതത്തിൽ കയറിയാലും ആകാശത്തെ കയ്യാൽ തൊടാനാവില്ല തന്നെ. ഇനിയും സമുദ്രത്തിൽ അല്പദൂരം ചെന്നാൽ ആകാശം വളരെ അടുത്താണെന്ന് തോന്നും. അത്രയും ദൂരത്തെത്തുമ്പോൾ ആകാശം അവിടെ നിന്നും അകലെയാണെന്ന് കാണാം. ഇഷ്ടദേവൻ കേദാർനാഥിലും ബദരീനാഥിലുമാണെന്ന് തോന്നി അവിടെയെത്തിയാൽ ഇഷ്ടസിദ്ധി ലഭിക്കണമെന്നില്ല. മരിച്ചാൽ കൈലാസത്തിൽ ചെന്ന് കാണുമെന്ന് സമാധാനിക്കാം. അവിടെയും ലക്ഷ്യം സാദ്ധ്യമായി എന്നു വരികില്ല.

അജ്ഞാനകാലത്ത് ദൈവം വളരെ അകലെയാണ്. എന്നാൽ അജ്ഞാനം മാറി ദൈവസാന്നിദ്ധ്യം എല്ലാവരുടെയും ഹൃദയത്തിൽ ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ ദൈവം സമീപസ്ഥനാണ്. അത് അനുഭവിച്ചറിഞ്ഞ വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത ദൈവത്തെ നമുക്ക് സമീപസ്ഥനാക്കിത്തീർക്കുന്നു. ഉറച്ച ദൈവവിശ്വാസത്തിലും, ശുഭാപ്തി വിശ്വാസത്തിലും, മറ്റുള്ളവരിലുള്ള വിശ്വാസത്തിലും വളരുവാൻ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നമ്മെ സഹായിക്കുകയും ചെയ്യുന്നു.

ദൈവവിശ്വാസവും, പ്രത്യാശയും, പ്രയത്നവും, പരിമളം ചൊരിയുന്ന സ്നേഹവും കൊണ്ട് അനേകരെ ഇരുളടഞ്ഞ ജീവിത സാഹചര്യങ്ങളിൽ നിന്നും വെളിച്ചത്തിന്റെ ലോകത്തിലേക്ക് നയിച്ച വിശുദ്ധന്മാരുടെ നാമത്തിൽ പ്രത്യാശ ദീപങ്ങളെ തെളിയിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

## ഓർമ്മപ്പെരുന്നാൾ

**ഉമയാറ്റുകര** സെന്റ് തോമസ് വലിയപള്ളിയുടെ കീഴിലുള്ള മഴുക്കീർ സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 25, 26 തീയതികളിൽ നടത്തുന്നു. 25 ന് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് കടവിൽ ശ്രീ. കെ.ഐ. റോജന്റെ ഭവനത്തിൽ നിന്നും ചാപ്പലിലേക്ക് റാസ. 26 ന് വി. കുർബ്ബാന, ആശീർവ്വാദം, നേർച്ചവിളമ്പ്.

തൈമറവുംകര സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 27 മുതൽ നവംബർ 1 വരെ തീയതികളിൽ നടത്തുന്നു. 28, 29, 30 തീയതികളിൽ കൺവൻഷൻ, 31-ാം തീയതി താമരപ്പള്ളിൽ ശ്രീ. റ്റി.സി. ഏബ്രഹാമിന്റെ ഭവനത്തിൽ നിന്നും ചാപ്പലിലേക്ക് റാസ. നവംബർ 1-ാം തീയതി അഭി. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന, ആശീർവാദം, നേർച്ചവിളമ്പ്.

**പേരിശ്ശേരി കിഴക്ക്** 1890-ാമാണ്ടിൽ പരിശുദ്ധ പരുമല തിരുമേനിയാൽ സ്ഥാപിതമായ പേരിശ്ശേരി കിഴക്ക് മൗണ്ട് ശാലേം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ പെരുന്നാളാഘോഷവും കൺവൻഷനും 2013 നവംബർ 3 മുതൽ 10 വരെ കൊണ്ടാടുന്നു. റവ. ഡീക്കൻ ഏബ്രഹാം ജോൺ, ശ്രീ. ബിജു പന്തപ്ലാവ്, റവ. ഫാ. രാജൻ ഫിലിപ്പ് കരവാളൂർ എന്നിവർ സുവിശേഷ പ്രസംഗവും, 'പെൺമയുടെ നന്മയും തനിമയും' എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ. മേരി മാത്യു (മർത്തമറിയം സമാജം കേന്ദ്ര സെക്രട്ടറി) ക്ലാസ്സും നയിക്കും. ഇടവക പട്ടക്കാരുടെ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന, ഭക്തിനിർഭരമായ റാസ, സമാപന ദിവസം കണ്ടനാട് ഈസ്റ്റ് മെത്രാസനാധിപൻ നി.വ.ദി.ശ്രീ. ഡോ. തോമസ് മാർ അത്താനാസിയോസിന്റെ പ്രധാനകാർമ്മികത്വത്തിൽ വി. കുർബ്ബാന, ആശീർവ്വാദം, സമ്മാനദാനം, നേർച്ചവിളമ്പ് എന്നിവയും നടക്കും.

# ശത്രുവിന്റെ ശത്രു മിത്രം

## ഡോ. എം. കുര്യൻ തോമസ്

തിരുവല്ലയിൽ 2013 സെപ്റ്റംബർ 18-20 തീയതികളിൽ നടന്ന മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡല യോഗത്തെപ്പറ്റി *മാതൃഭൂമി*യിൽ വന്ന ഒരു വാർത്തയാണ് ഈ കുറിപ്പെഴുതാൻ ഹേതു. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ മലങ്കര മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനായിരിക്കുന്ന പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷ പ്രസംഗമാണ് പരാമർശന വിഷയം.

പത്രവാർത്തപ്രകാരം പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ... *മലങ്കര യാക്കോബായ സഭയും മാർത്തോമ്മാ സഭയും യോജിക്കാവുന്ന മേഖലകളിൽ യോജിക്കും. ഇതിനായി യാക്കോബായ സഭ നിയോഗിക്കുന്ന കമ്മീഷനിൽ മാർത്തോമ്മാ സഭാ പ്രതിനിധികളെ ഉൾപ്പെടുത്തും* ... എന്നാണ് അവിടെ പ്രസ്താവിച്ചത്.

പ. അന്ത്യോഖ്യാ പാത്രിയർക്കീസ് കൂദാശ ചെയ്ത മൂറോനാണ് മാർത്തോമ്മാ സഭ ഇന്നും ഉപയോഗിക്കുന്നത് എന്ന് കേരളത്തിലും, *മാർത്തോമ്മാ സഭ നവീകരണത്തിന്റെ പാതയിൽ മുന്നോട്ടു ചരിക്കുക*യാണന്നു അമേരിക്കയിലും പൂർവാപര വിരുദ്ധമായി പ്രസ്താവന നടത്തുന്ന പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മായുടെ വാക്കുകൾ ആ രീതിയിൽ കണ്ടാൽമതി എങ്കിലും ഈ പ്രസ്താവന ന്യായമായ ചില സംശയങ്ങൾ ഉയർത്തുന്നുണ്ട്.

ഒന്നാമതായി, ഈ പ്രസ്താവനയിൽ പറയുന്ന *മലങ്കര യാക്കോബായ സഭ* ഏതാണ് എന്നതാണ്. പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് പരമാദ്ധ്യക്ഷനായിരിക്കുന്ന സഭയാണ് ഉദ്ദേശിച്ചതെങ്കിൽ അതിന്റെ പേര് *അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭ* (*Syriac Orthodox Church of Antioch*) എന്നാണ്. ബസേലിയോസ് തോമസ് പ്രഥമൻ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനത്തിന്റെ പേര് *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ* (*Jacobite Syrian Christian Church*) എന്നുമാണ്.

ഒരിക്കൽ *യാക്കോബായ സഭ* എന്നു വിളിക്കപ്പെട്ടിരുന്നു എന്ന് ഭരണഘടനപ്രകാരം അംഗീകരിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ആകാൻ ഒട്ടും സാദ്ധ്യത ഇല്ല. കാരണം പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മായുടെ ഇതഃപര്യന്തമുള്ള പ്രവർത്തനം അത്തരമൊരു സാദ്ധ്യത പൂർണ്ണമായും തള്ളിക്കളയുന്നു.

ചുരുക്കത്തിൽ ആരുമായിയാണ് ചർച്ച നടത്തുന്നത് എന്നതിനു വ്യക്തതയില്ല. മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലത്തിൽ പ്രസ്താവിച്ചു എന്ന നിലയിൽ പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മായുടെ പ്രസംഗത്തെ ഔദ്യോഗികമായി കണക്കാക്കണം. ഇവിടെ ഉഭയകക്ഷി ചർച്ചയിലെ മറുവിഭാഗം ഏതെന്നതിനു വ്യക്തത ഇല്ല. ഒരു ഔദ്യോഗിക പ്രസ്താവനയിൽ ഇതര സഭയെ അതിന്റേതായ ഗൗരവത്തിൽ ഔദ്യോഗിക നാമത്തിൽ സംബോധന ചെയ്യേണ്ടിയിരുന്നു.

രണ്ടാമത്തെ സംശയം ഏതു വിധത്തിലുള്ള സഹകരണമാണ് അദ്ദേഹം വിവക്ഷിക്കുന്നത് എന്നതാണ്. കേരളത്തിലെ വ്യവസ്ഥാപിത സഭകൾ എല്ലാം തമ്മിൽ സാമൂഹ്യമായ സഹകരണം നിലവിലുണ്ട്. അതിനപ്പുറം ഒരു സഹകരണത്തിന് വേദശാസ്ത്രപരമായ അതിർവരമ്പുകൾ ഒരു സഭയും അനുവദിക്കുന്നില്ല. ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ അജമോഷണ വേദിയായും കുടിപ്പക തീർക്കാനുള്ള ഉപകരണമായും കരുതുന്ന ചില സഭാവിഭാഗങ്ങൾ പരസ്പരം സഹകരിക്കാനാവത്തവിധം അകന്ന വിശ്വാസങ്ങളിലാണെങ്കിലും ചിലപ്പോൾ *ശത്രുവിന്റെ ശത്രു മിത്രം* എന്ന ന്യായേന മുന്നണി ഉണ്ടാക്കിയെന്നും വരാം പക്ഷേ അവിടെയും *മലങ്കര യാക്കോബായ* ശരിയാവുന്നില്ല.

മുകളിൽ പറഞ്ഞ മൂന്നു വിഭാഗങ്ങളിൽ ഏതായാലും മാർത്തോമ്മാ സഭയുമായുള്ള സഹകരണത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾ പ്രസക്തമാണ്.

1. ഈ മൂന്നു വിഭാഗങ്ങളിൽ ഏതെങ്കിലും മാർത്തോമ്മാ സഭയുടെ പട്ടത്വം അംഗീകരിക്കുമോ?

2. ഈ മൂന്നു വിഭാഗങ്ങളുടേയും വി. ദൈവമാതാവ് പരിശുദ്ധന്മാർ എന്നിവരോടുള്ള സംസർഗം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, വി. കൂദാശകളെപ്പറ്റിയുള്ള വിശ്വാസം, പട്ടക്കാരുടെ പാപമോചന അധികാരം ഇവ മാർത്തോമ്മാ സഭ അംഗീകരിക്കുമോ?

ഈ ചോദ്യങ്ങൾക്ക് എല്ലാം ഇന്നത്തെ നിലയിൽ *ഇല്ല* എന്ന് മാത്രമാണ് ഉത്തരം. അത്തരം മേഖലകളിൽ സഹകരണത്തിനുള്ള ആദ്യപടി പരസ്പര ചർച്ചകളാണ്. അതിന് *തിയോളജിക്കൽ ഡയലോഗ്*

എന്നു പറയും. എത്ര ഡയലോഗ് നടത്തിയാലും ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽപ്പെട്ട അന്ത്യോഖ്യൻ സഭയ്ക്കും മലങ്കര സഭയ്ക്കും തങ്ങളുടെ വിശ്വാസം ഭേദപ്പെടുത്താനാവില്ല. *നവീകരണത്തിന്റെ പാതയിൽ മുന്നോട്ടു ചരിക്കുന്ന* മാർത്തോമ്മാ സഭയ്ക്കും സാദ്ധ്യമല്ല. വിശ്വാസ ഐക്യം കൂടാതെ കൂദാശാ സംസർഗവും സാദ്ധ്യമല്ല. കുർബാനയോ മൂറോനോ പങ്കിടാനും ആവില്ല. പിന്നെന്തുതരത്തിലുള്ള സഹകരണമാണ് ജോസഫ് മാർത്തോമ്മാ പ്രതീക്ഷിക്കുന്നത്? സാമൂഹിക സഹകരണമാണെങ്കിൽ അതു *മലങ്കര യാക്കോബായ സഭ*യുമായി മാത്രം പരിമിതപ്പെടുത്തുന്നതെന്തിന് എന്നതും മനസിലാക്കാനാവാത്ത വിഷയമാണ്.

*യാക്കോബായ* എന്ന നാമം സുറിയാനി സഭയ്ക്ക് ലഭിച്ചതിനേപ്പറ്റി പരാമർശിക്കട്ടെ. ഇത് കൽക്കദൂന്യാ സുന്നഹദോസുമായി ബന്ധപ്പെട്ട ഒരു പദമാണ്. രാജകീയ പിൻബലമുള്ള കൽക്കദൂന്യരോട് എതിർത്തുവന്ന ന്യൂനപക്ഷം ക്രിസ്തുവർഷം 536-നു ശേഷം പിടിച്ചുനിന്നത് മാർ യാക്കോബ് ബുർദ്ദാനയുടെ നേതൃത്വത്തിലാണ്. അദ്ദേഹം മുൻകൈയ്യെടുത്ത് അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിച്ച ഈജിപ്തുകാരനായ പൗലെ ദ്ബാത്ത് ഉക്കോമോ പിൽക്കാലത്ത് യാക്കോബ് ബുർദ്ദാനയുമായി തെറ്റി. ഈ സമയം യാക്കോബ് ബുർദ്ദാനയെ പിന്തുണച്ചവരെ എതിർകക്ഷികൾ വിളിച്ച പേരാണ് *യാക്കോബായക്കാർ*. ഈ കക്ഷി വഴക്ക് താമസിയാതെ ഇല്ലാതായെങ്കിലും കൽക്കദൂന്യർ ആ വിശ്വാസത്തെ നിരാകരിക്കുന്ന ഓറിയന്റൽ സഭകളെ *യാക്കോബായക്കാർ* എന്ന് പരിഹാസമായി വിളിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. പിന്നിട് അന്ത്യോഖ്യൻ സുറിയാനി സഭ തന്നെ ഈ നാമം സ്വയം ഉപയോഗിച്ചുതുടങ്ങി. പക്ഷേ ഇന്ന് അന്ത്യോഖ്യൻ സഭ *യാക്കോബായ* എന്ന നാമം ഉപയോഗിക്കുന്നില്ല. *ഓർത്തഡോക്സ്* എന്ന പൂർവിക നാമം തന്നെയാണ് ഔദ്യോഗികമായി അവരും സ്വീകരിച്ചിരിക്കുന്നത്.

1665-ൽ യേറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് കേരളത്തിലെത്തിയ ശേഷമാണ് *യാക്കോബായ* എന്ന പദം ഇവിടെ പ്രചരിച്ചത്. അന്ന് നസ്രാണി പള്ളികൾക്ക് അവകാശവാദം ഉന്നിച്ചിരുന്ന റോമൻ കത്തോലിക്കാ സഭയുടെ കൊച്ചിയിലെ ലത്തീൻ മെത്രാൻ, മാർത്തോമ്മാ മെത്രാന്മാരുടെ നേതൃത്വത്തിലുള്ള ദേശീയ സഭ ... *പട്ടവും പിന്തുടർച്ചയും പാരമ്പര്യവുമില്ലാത്ത നൂതന യാക്കോബായക്കാരാണ്* ... എന്നും അതിനാൽ അവർക്ക് പള്ളികളുടെമേൽ അവകാശമില്ലന്നും കൊച്ചിയിലെ ഡച്ച് അധികൃതർക്കഴുതി. അതോടെയാണ് *യാക്കോബായ* എന്ന പദം കേരളത്തിൽ ആദ്യമായി പ്രയോഗിക്കപ്പെടുന്നത്.

1685-ൽ കേരളത്തിലെത്തിയ മാർ ഈവാനിയോസ് ഹദിയള്ള *യാക്കോബായ* എന്ന പേരിന് വിശാലമായ ഒരു പശ്ചാത്തലം നൽകാൻ ശ്രമിച്ചത് *നിരണം ഗ്രന്ഥവരി*യിൽ കാണാം. അദ്ദേഹം ... *വഴിപാടുകാരുടെ ബാബാ മാർ യാക്കോയുടെ നാമത്തുംമേലും, ഒറശ്ലെമിന്റെ മുൻപിലത്തെ അപ്പസ്ക്കോപ്പാ അവനായിയെന്ന് നമ്മുടെ കർത്താവിന്റെ കുടപ്രപ്പു മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, ഉറഹായെക്കാരൻ മല്പാൻ മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, നിഖ്യായുടെ ശുദ്ധമാകപ്പെട്ട സുന്നഹദോസിൽ മാർ അപ്രെമിനോടുകൂടെ അവനായിരുന്ന പത്തിനാ സദമാറിന്റെ മൽപാൻ മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, യാക്കോബായെക്കാരന്നു പേരുവിളിക്കപ്പെടുന്നു.* ... എന്നു വ്യാഖ്യാനിക്കുന്നു.

റോമൻ കത്തോലിക്കാ പദകോശത്തിൽ കൽക്കദൂന്യാ ഇതരർ *യാക്കോബായ* എന്ന പേരിലാണ് പൊതുവേ അറിയപ്പെട്ടിരുന്നത്. അതേ സഭാ പാരമ്പര്യത്തിൽനിന്നു വന്ന യൂറോപ്പിലെ പ്രൊട്ടസ്റ്റന്റുകളും സ്വാഭാവികമായും *യാക്കോബായ* എന്ന പദം പിൻപറ്റി. അതിനാൽ കേരളത്തിലെ ഡച്ച്, ബ്രിട്ടീഷ് ഭരണകാലത്ത് ഈ പദം സർവസാധാരണമായി മാറി. പിന്നീട് നവീകരണ സുറിയാനിക്കാർ പിരിഞ്ഞു പോകുന്ന അവസരത്തിൽ *യാക്കോബായ* എന്ന നാമത്തിന്റെ ഉപയോഗം പരമകാഷ്ടയിലെത്തി.

ഇക്കാലത്ത് നവീകരണ സുറിയാനി സഭയക്ക് വേദശാസ്ത്രവും സഭാ വിജ്ഞാനീയവും സൃഷ്ടിച്ച കെ. എൻ ഡാനിയേൽ സത്യവിശ്വാസികളെ യാക്കോബ് ബുർദ്ദാനാ സ്ഥാപിച്ച സഭ എന്ന നിലയിൽ *യാക്കോബ്യർ* എന്നു പരിഹസിച്ചു. അതിന് പാലക്കുന്നത്ത് തോമസ് അത്താനാസ്യോസും കോവൂർ ഐപ്പു തോമ്മാ കത്തനാരും ചേർന്നു 1889-ൽ സ്ഥാപിച്ച നവീകരണ സുറിയാനി സഭയിൽപ്പട്ടവരെ *തോമ്യർ* എന്നു വിളിച്ച് ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് *ഇടവക പത്രിക*യിലൂടെ തിരിച്ചടിച്ചതും ഇവിടെ സ്മരണീയമാണ്.

സ്ഥാപന വർഷമായ 1889 മുതൽ നവീകരണ സുറിയാനി സഭക്കാർ സത്യവിശ്വാസികളെ *സ്തുതി ചൊവ്വാകപ്പെട്ട സഭ* എന്നർത്ഥമുള്ള *ഓർത്തഡോക്സ്* എന്നു ഉപയോഗിക്കാനുള്ള വിമുഖതകൊണ്ട് *യാക്കോബായക്കാർ* എന്നു വിളിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ സാഹചര്യംകൂടി കണക്കിലെടുത്താണ് 1934-ലെ മലങ്കര സഭാ ഭരണഘടനയിൽ *ഈ സഭ യാക്കോബായ എന്നു തെറ്റായി പരാമർശിക്കപ്പെട്ടിരുന്നു* എന്ന് വിശദീകരിച്ചത്.

സത്യവിശ്വസവും ദേശീയതയും പുലർത്തുന്ന മലങ്കര സഭയെ ഒറ്റപ്പെടുത്തി വളഞ്ഞാക്രമിക്കുന്ന അവിഹിത കൂട്ടുകെട്ട് പുത്തരിയല്ല. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ

ശേഷം 15-ാം പേജിൽ

വചനപരിച്ഛേദം

# വിശുദ്ധീകരണം അത്ഭുതങ്ങൾക്കു വഴി തുറക്കുന്നു

ഫാ. പി.വി. ജോൺ

അങ്ങനെ നിങ്ങൾ പോകേണ്ടുന്ന വഴി നിങ്ങൾ അറിയും. ഈ വഴി നിങ്ങൾ മുൻപേ പോയിട്ടില്ലല്ലോ. പിന്നെ യോശുവ ജനത്തോട്: നിങ്ങളെ തന്നെ ശുദ്ധീകരിപ്പീൻ, നാളെ യഹോവ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും. (യോശുവാ. 3:4,5 )

യഹോവയായ ദൈവത്താൽ നിയോഗിതനായ മോശെ യിസ്രായേൽ ജനത്തെ മിസ്രയീമിന്റെ അടിമത്തത്തിൽനിന്ന് വിടുവിച്ച് വാഗ്ദത്ത നാടായ കനാനിലേക്ക് വഴി നടത്തി. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ദൈവാശ്രയത്തോടെ അതിജീവിച്ച് ഈ വലിയ ജനക്കൂട്ടത്തെ മരുഭൂപ്രയാണത്തിൽ ഏതാണ്ടു നാല്പതു സംവത്സരം സൗമ്യനായ മോശെ നയിച്ചു. "യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല. (ആവ. 34:12) എന്നാണ് മോശെയെക്കുറിച്ച് വി. വേദപുസ്തകം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എങ്കിലും വാഗ്ദത്ത നാടായ കനാൻ അകലെ നിന്നു കാണുവാനല്ലാതെ പ്രവേശിക്കുവാനുള്ള ഭാഗ്യം മോശെയ്ക്കു ലഭിച്ചില്ല. പ്രയാണം ആരംഭിച്ചപ്പോൾ ഉണ്ടായിരുന്നവരിൽ യോശുവയ്ക്കും കാലേബിനും മാത്രമാണ് ആ ഭാഗ്യം കരഗതമായത്. ഒരു പടികൂടെ കടന്ന് യിസ്രായേലിന്റെ നേതൃസ്ഥാനം മോശയ്ക്കുശേഷം യോശുവയ്ക്കു ലഭിക്കുന്നു. മരുഭൂപ്രയാണത്തിന്റെ അവസാന കാലഘട്ടത്തിൽ ദൈവനിശ്ചയപ്രകാരം ജനത്തിന്റെ നേതൃസ്ഥാനം യോശുവയ്ക്ക് നൽകിക്കൊണ്ട് മോശെ ദൈവസന്നിധിയിലേക്ക് ഏറ്റെടുക്കപ്പെട്ടു. കനാന്റെ മകനായ യോശുവായെ മോശ കൈവച്ച് അനുഗ്രഹിച്ചതുകൊണ്ട് അവൻ ജ്ഞാനസമ്പൂർണ്ണനായിത്തീർന്നു. യഹോവ മോശെയോടു കല്പിച്ചതു പോലെ യിസ്രായേൽ മക്കൾ അപ്പനെ അനുസരിച്ചു എന്ന് പുറ. 34:10 ൽ നാം വായിക്കുന്നു. ഇവിടെ ഒരു കാര്യം നാം അറിയേണ്ടതുണ്ട്. മോശയെ ദൈവം നേരിട്ടു വിളിച്ച് നിയോഗിക്കുകയായിരുന്നു. എന്നാൽ പിന്നീട് പിൻഗാമികളെ മുൻഗാമികൾ കൈവെയ്പു നൽകി അധികാരപ്പെടുത്തുകയല്ലാതെ സ്വയം ഏറ്റെടുക്കുകയോ ദൈവം നേരിട്ടു നിയോഗിക്കുകയോ ചെയ്തിട്ടില്ല. യോശുവയുടെ നേതൃത്വത്തിൽ ജനത്തിനു വിശ്വാസമുണ്ടെങ്കിലും സുദീർഘകാലം തങ്ങളെ ഭാഗ്യകരമായി നയിച്ച മോശയുടെ വേർപാട് അവരിൽ ചിന്താകുലം സൃഷ്ടിക്കുവാൻ സാദ്ധ്യതയുണ്ട്. മിസ്രയീമിലെ അടിമത്തത്തിൽ നിന്നുള്ള വിടുതലും ആദ്യകാലത്ത് നേരിടേണ്ടിവന്ന പ്രശ്നങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഉള്ള വിടുതലുകളുമൊക്കെ ഇന്നു ജീവിച്ചിരിക്കുന്നവർക്ക് കേട്ടു കേഴ്‌വി മാത്രമാണ്. എങ്കിലും പിതാക്കന്മാരെ വഴി നടത്തിയ ദൈവത്തിന്റെ കൃപയിലും കരുണയിലും കരുതലിലും അവർക്കു വിശ്വാസമുണ്ട്.



## പോയിട്ടില്ലാത്ത വഴികളിലൂടെ യാത്ര ചെയ്യുമ്പോൾ ശരിയായ പാത ഏതാണെന്ന് തിരിച്ചറിയുകയാണ് ആദ്യം ആവശ്യമായി വരുന്നത്. അവിടെ വഴി അറിയാവുന്ന ഒരാൾ നമ്മെ നയിക്കാൻ ഉണ്ടാവണം

എന്നാൽ ഇപ്പോൾ യോർദ്ദാൻ നദിക്കരയിൽ എത്തിയിരിക്കുന്നു. അതിന്റെ മറുകരയിൽ എത്തിയെങ്കിൽ മാത്രമേ വാഗ്ദത്ത നാടായ കനാനിലേക്ക് പ്രവേശിക്കുവാൻ കഴിയുകയുള്ളു. യോശുവായുടെ നേതൃത്വത്തിൽ പ്രയാണം തുടരുന്ന യിസ്രായേൽ ജനം നേരിടുന്ന ആദ്യ പ്രതിസന്ധിയാണ് യോർദ്ദാൻ നദി. ഇപ്പോൾ തങ്ങൾ നേരിടുന്നത് മരുഭൂപ്രയാണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തങ്ങളുടെ പിതാക്കന്മാർ അഭിമുഖീകരിച്ച പ്രതിസന്ധിയോളം വലുതല്ല എന്ന് അവർക്കറിയാം. ഏതാണ്ട് 10 മൈൽ വീതിയുള്ളതും ആഴമേറിയതുമായ ചെങ്കടൽ ഒരിക്കലും തരണം ചെയ്യാൻ കഴിയുകയില്ലായെന്നു തോന്നുംവിധം അവരുടെ മുൻപിൽ കിടന്നിരുന്നു. മാത്രമല്ല, പിന്നിലേക്കു നോക്കുമ്പോൾ തങ്ങളെ നശിപ്പിക്കുവാനുള്ള സന്നാഹത്തോടെ ഓടി അടുക്കുന്ന ഫറവോനും സൈന്യവും അവരെ ഭയപ്പെടുത്തുകയും, തളർത്തിക്കളയുകയും ചെയ്തിരുന്നു. എന്നാൽ യോർദ്ദാൻ അതുപോലെ തരണം ചെയ്യാൻ സാദ്ധ്യമല്ലാത്തവിധം അത്യധികം വീതിയും ആഴവുമുള്ള നദിയല്ല. കൊയ്ത്തുകാലത്ത് അത് കരകവിഞ്ഞ് ഒഴുകും. അപ്പോൾ യരീഹോവിന് സമീപം വരെയുള്ള സ്ഥലങ്ങൾ എല്ലാം മുങ്ങിപ്പോകും. കിഴക്കുഭാഗത്ത് ഉയർന്ന മോവാബു മലകളാകയാൽ ആ ഭാഗത്ത് വലിയ വിഷമതകൾ ഇല്ലെങ്കിലും, സ്ത്രീകളും കുട്ടികളും നാൽക്കാലികളുമുള്ള യിസ്രായേൽ ജനത്തിന് യോർദ്ദാൻ കടക്കാൻ കുറച്ച് വിഷമമുണ്ടാകും. അവർ അക്കരെ കടന്നസ്ഥലം ചാവുകടലിൽ നിന്ന് നാലോ, അഞ്ചോ മൈൽ അകലെയുള്ള വടക്കു ഭാഗമാണ്. യോർദ്ദാന്റെ തൊട്ടു പടിഞ്ഞാറു ഭാഗത്ത് ഗിൽഗാലും അവിടെ നിന്നും ഏതാണ്ട് മൂന്നുമൈൽ പടിഞ്ഞാറ് യരീഹോ പട്ടണവും സ്ഥിതി ചെയ്യുന്നു. കൊയ്ത്തു കാലത്താണ് അവർ യോർദ്ദാൻ കരയിൽ എത്തിയത് എന്ന് യോശുവാ 3:15 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ചെങ്കടൽ തീരത്ത് നിന്നപ്പോൾ ഉണ്ടായിരുന്നതുപോലെ ഭീതിതമായ ഒന്നും പിന്നിലില്ലെങ്കിലും മുന്നോട്ടു നോക്കുമ്പോൾ കരകവിഞ്ഞൊഴുകുന്ന നദി മാത്രമല്ല. മനുഷ്യനാൽ തകർക്കാൻ കഴിയാത്ത യരീഹോ കോട്ടയും പട്ടണവും അതിലെ അജയ്യരായ മല്ലന്മാരും അവരെ ആകുല ചിത്തരാക്കാൻ മതിയായതാണ്. മോശെ കൂടെയില്ലതാനും. ഇതാകട്ടെ യോശുവയുടെ നേതൃസ്ഥാനത്തിന്റെ മാറ്റുരച്ചു നോക്കുന്ന സന്ദർഭവുമാണ്. വലിയ പ്രശ്നം കൂടാതെ യോർദ്ദാൻ കടന്നുകിട്ടിയാൽ ജനത്തിന്റെ ശുഭാപ്തി വിശ്വാസം വർദ്ധിക്കും. യോശുവയുടെ നേതൃസ്ഥാനത്തെ ജനം സർവ്വാത്മനാ സ്വീകരിക്കുകയും ചെയ്യും.

ഈ വലിയ പ്രതിസന്ധിയിലും മോശെയ്ക്കു ലഭിച്ചതുപോലെ യോശുവായ്ക്കും കരണീയമെന്തെന്ന് യഹോവ വെളിപ്പെടുത്തിക്കൊടുക്കുന്നു "ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക, ഞാൻ നിന്നോടു കൂടെയുണ്ട്" എന്ന് ആവർത്തിച്ച് തന്നോട് അരുളിച്ചെയ്ത യഹോവ വഴി കാണിച്ചു തരുമെന്ന് യോശുവായ്ക്കു നല്ല ഉറപ്പുണ്ടായിരുന്നു. യോർദ്ദാന്റെ കരയിൽ അവർ മൂന്നു ദിവസം പാർത്തു. അതിനുശേഷം പ്രമാണികൾ പാളയത്തിൽ കൂടെ നടന്ന് ജനത്തോട് കല്പിച്ചു. നിങ്ങളുടെ ദൈവമായ യഹോവയോട് നിയമപെട്ടകത്തെയും അതിനെ ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും നിങ്ങൾ കാണുമ്പോൾ നിങ്ങളുടെ സ്ഥലംവിട്ട് പുറപ്പെട്ട് അതിന്റെ പിന്നാലെ പോകണം. എന്നാൽ നിങ്ങൾക്കും അതിനും ഇടയിൽ 200 മുഴം അകലം ഉണ്ടായിരിക്കണം. അതിനോട് അടുക്കരുത്. അങ്ങനെ നിങ്ങൾ പോകേണ്ടുന്ന വഴി അറിയും. ഈ വഴിക്കു നിങ്ങൾ മുൻപേ പോയിട്ടില്ലല്ലോ. പിന്നെ യോശുവാ ജനത്തോട് നിങ്ങളെത്തന്നെ ശുദ്ധീകരിപ്പീൻ. യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും.

യോർദ്ദാൻ കരയിൽ നിൽക്കുന്ന ജനത്തിന്റെ മുൻപിൽ രണ്ടുമൂന്നു വലിയ പ്രശ്നങ്ങളാണുള്ളത്. യോർദ്ദാൻ എങ്ങനെ കടക്കും? പോകേണ്ടുന്ന വഴി എങ്ങനെ അറിയും? വരാമായിരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ തരണം ചെയ്യും? ഒന്നാമത്തേത് വർത്തമാനകാല പ്രശ്നമാണെങ്കിൽ മറ്റുള്ളവ ഭാവിയിൽ നേരിടേണ്ടവയാണ്. നാം പലപ്പോഴും ആകുല ചിത്തരാകുന്നത് ഭാവിയിൽ വരാമായിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചിച്ചാണ്. അവർ അപ്പോൾ നേരിടുന്നതും വിഭാവനം ചെയ്യുന്നതുമായ എല്ലാ പ്രശ്നങ്ങൾക്കുമുള്ള മറുപടിയാണ് ദൈവം യോശുവയിലൂടെ ഇവിടെ നൽകിയിരിക്കുന്നത്. അതാകട്ടെ യിസ്രായേൽ ജനത്തിനു മുഴു

വൻ നൽകുന്ന സന്ദേശമാണ്. ഈ പ്രശ്നങ്ങളെയെല്ലാം അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കാം. അത് നമ്മുടെ പ്രായോഗിക ജീവിതത്തിൽ എങ്ങനെ ഫലപ്രദമായി അനുകരിക്കാൻ കഴിയും എന്ന്ചിന്തിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

'ഈ വഴിക്കു നിങ്ങൾ മുൻപെ പോയിട്ടില്ലല്ലോ' എന്ന് യഹോവ അരുളിച്ചെയ്യുന്നു. മനുഷ്യജീവിതത്തിലെ ഒരു അനിഷേധ്യ സത്യമാണിത്. ഭൂതകാലങ്ങൾ നമുക്ക് തിരിച്ചു കിട്ടാത്തതാണ്. ഭാവി നമുക്ക് എപ്പോഴും പുതുമയുള്ളതുമാണ്. പിന്നിട്ട ജീവിതപാതകളിൽ കൂടെയുള്ള ഒരു പ്രയാണം അസാദ്ധ്യമാണ്. നമ്മുടെ മുൻപിൽ എപ്പോഴും പുതിയ പാതകളാണ് തെളിയുക. അതുകൊണ്ട് ഓരോ ചുവടുവയ്പും ശ്രദ്ധാപൂർവ്വവും ഒരുക്കത്തോടുകൂടിയതുമായിരിക്കണം എന്ന് ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതുവരെ സഞ്ചരിച്ചിട്ടില്ലാത്ത പുതിയ വഴികളിലേക്കാണ് യോർദ്ദാൻ കടന്ന് അവർ പ്രവേശിക്കുന്നത്. ഇതുവരെ അവർ യാത്ര ചെയ്ത പാതകളും അപരിചിതങ്ങളായിരുന്നു. അവിടെയെല്ലാം യഹോവ അവർക്കു വഴികാട്ടിയായിരുന്നു. എങ്കിലും പുതിയ പാതകളിലേക്ക് പ്രവേശിക്കുമ്പോൾ നേരായ പാത ഏതാണെന്ന സന്ദേഹം സ്വാഭാവികമാണ്. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ അനേകം പ്രശ്നങ്ങൾ കഴിഞ്ഞകാലത്തിൽ അവർക്കു നേരിടേണ്ടി വന്നിട്ടുണ്ട്. ഇവിടെ യോർദ്ദാൻ കരയിൽ നിൽക്കുമ്പോൾ മുൻപിലുള്ള വഴികൾ അവർക്ക് അജ്ഞാതങ്ങൾ തന്നെയാണ്. കനാനിലേക്കുള്ള പ്രവേശത്തിന് യോർദ്ദാൻ കടന്നുപോകേണ്ടുന്നത് അനിവാര്യമാണ്. സ്വർഗ്ഗീയ കനാനിലേക്കുള്ള പ്രവേശനത്തിനും ഒരു യോർദ്ദാൻ കടന്നുപോക്ക് അനുപേക്ഷണീയമാണെന്ന് ഇത് സൂചിപ്പിക്കുന്നു. പരിശുദ്ധ പിതാക്കന്മാർ യോർദ്ദാന്റെ മറുകര കടക്കൽ വി. മാമോദീസായുടെ മുൻകുറിയായി ദർശിച്ചിരിക്കുന്നു. നമ്മുടെ കർത്താവ് വി. യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചത് ഈ യോർദ്ദാനിലായിരുന്നുവെന്ന് കാണുമ്പോൾ അതിന്റെ അർത്ഥവ്യാപ്തി പ്രകടമാകും. മാമോദീസായിലൂടെ ക്രിസ്തീയ ജീവിതത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ സുഖകരമായ ഒരു യാത്രയാണ് നമ്മുടെ മുൻപിൽ ഉള്ളത് എന്ന ചിന്ത ശരിയല്ല എന്ന് പിൽക്കാല സംഭനങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു.

പോയിട്ടില്ലാത്ത വഴികളിലൂടെ യാത്ര ചെയ്യുമ്പോൾ ശരിയായ പാത ഏതാണെന്ന് തിരിച്ചറിയുകയാണ് ആദ്യം ആവശ്യമായി വരുന്നത്. അവിടെ വഴി അറിയാവുന്ന ഒരാൾ നമ്മെ നയിക്കാൻ ഉണ്ടാവണം. അല്ലെങ്കിൽ ചൂണ്ടുപലകകൾ ഉണ്ടാവണം. ഇവിടെ ശരിയായ വഴികാട്ടി ദൈവം മാത്രമാണ്. അവനിൽ സങ്കേതപ്പെടുകയും അവനോട് ഉപദേശം ആരായുകയുമാണ് കരണീയം. പലപ്പോഴും ദൈവം കാട്ടിത്തരുന്ന പാതകൾ ദുർഘടം നിറഞ്ഞതായിരിക്കും. അവിടെ കടന്നുവരുന്ന പ്രശ്നങ്ങൾ നേരായ പാത കാട്ടിത്തരുന്ന ചൂണ്ടുപലകകളായി തിരിച്ചറിയുകയും വേണം. നമ്മുടെ ജീവിത യാത്രകളിലും ശരിയായ പാത തെരഞ്ഞെടുക്കുക ദുഷ്കരമാണ്. അനേകം പാതകൾ ആധുനിക മനുഷ്യന്റെ മുൻപിൽ നീണ്ടു നിവർന്നു കിടപ്പുണ്ട്. പലതും പ്രലോഭിക്കുന്നതും നേരായ പാതയാണെന്ന് തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. അതാകട്ടെ, മതപരവും, സാംസ്ക്കാരികവും, ധാർമ്മികവും, സാമുദായികവും, രാഷ്ട്രീയവുമായ സമസ്ത മേഖലകളിലും ഒരുപോലെ വ്യാപിച്ചു കിടക്കുന്നു. ഇവിടെ ശരിയായ പാത കണ്ടെത്തുന്നതിനുള്ള മാർഗ്ഗം വി. വേദപുസ്തകം ചൂണ്ടിക്കാണിച്ചു തരുന്നു. യിസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന പുരോഹിതന്മാരെ അനുധാവനം ചെയ്യുക മാത്രമാണ് ഏകമാർഗ്ഗം. 'അങ്ങനെ നിങ്ങൾ പോകേണ്ടുന്ന വഴി അറിയും' എന്നാണ് യഹോവ അരുളിച്ചെയ്തിരിക്കുന്നത്. നിയമ പെട്ടകം യഹോവയുടെ അദൃശ്യസാന്നിദ്ധ്യത്തെ കുറിക്കുന്നു. ന്യായപ്രമാണങ്ങളും അതിൽ സൂക്ഷിച്ചിരിക്കുന്നു. മന്നായും അതിൽ നിക്ഷേപിച്ചിട്ടുണ്ട്. ശരിയായ പാത തെളിയുന്നതിന് മൂന്നു കാര്യങ്ങൾ ആവശ്യമെന്ന് ഇത് വ്യക്തമാക്കുന്നു. ഒന്ന് നിരന്തരമായ ദൈവീക സംസർഗ്ഗം. ആരാധനാ, പ്രാർത്ഥന, കൂദാശാസംബന്ധം മറ്റ് ആദ്ധ്യാത്മിക ചര്യങ്ങൾ എന്നിവ വഴികാട്ടിത്തരുന്ന മാർഗ്ഗങ്ങളാണ്. രണ്ട് ദൈവകല്പനകൾ പാലിക്കുക, മൂന്ന് പൂർവ്വികന്മാർ ചൂണ്ടിക്കാണിച്ചുതന്ന മാർഗ്ഗങ്ങളിൽ സഞ്ചരിക്കുക.

നിയമപെട്ടകം ചുമക്കുന്ന ലേവ്യപുരോഹിതന്മാരെ പിൻതുടരണമെന്ന് പറയുമ്പോൾ രണ്ടുകാര്യങ്ങൾ സൂചിപ്പിക്കുന്നു. ആരാധനയുടെയും പ്രാർത്ഥനയുടെയും ആവശ്യകതയാണ് ഒന്ന്. പുരോഹിതന്മാർക്കുള്ള സ്ഥാനമാണ് രണ്ടാമത്തേത്. പുരോഹിതന്മാർ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ പാലം പണിയുന്നവനാണ്. അവർ അനുഷ്ഠിക്കുന്ന ദൈവിക കർമ്മങ്ങളിലൂടെയാണ് ദൈവത്തിന്റെ കൃപയും കരുണയും മനുഷ്യരിലേക്ക് ഒഴുകിയിറങ്ങുന്നത്. യഥാർത്ഥമായ ദൈവിക ആരാധനയിലൂടെ മാത്രമേ ശരിയായ പാത കണ്ടെത്താൻ കഴിയുകയുള്ളു. ആരാധന, പ്രാർത്ഥന, കൂദാശാനുഭവങ്ങൾ തുടങ്ങിയ ആത്മീയചര്യകൾ മുടക്കം കൂടാതെ ആചരിക്കുന്നവർക്കു മാത്രം വെളിവാകുന്നതാണ് സത്യപാത. അനുദിനം അനുനിമിഷം

നാമും സഞ്ചരിക്കുന്നത് പോയിട്ടില്ലാത്ത വഴികളിലൂടെയായതിനാൽ, ശരിയായ പാതയിലൂടെയുള്ള സഞ്ചാരത്തിന് ദൈവികസംസർഗ്ഗം അനിവാര്യമാണെന്ന സത്യം ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

പോകേണ്ടുന്ന വഴി തിരിച്ചറിഞ്ഞതുകൊണ്ടു മാത്രം ലക്ഷ്യം പ്രാപിക്കാൻ കഴിയുകയില്ല. മാർഗ്ഗതടസ്സങ്ങൾ മാറിക്കിട്ടണം. അതിന് ദൈവം ഇടപെടണം. ദൈവം തക്കസമയത്ത് ഇടപെട്ട് പ്രശ്നങ്ങളിൽ നിന്നും വിടുവിക്കണമെങ്കിൽ ഒരു കാര്യം ചെയ്തേ മതിയാകൂ എന്ന് യോശുവയിലൂടെ ദൈവം അരുളിച്ചെയ്യുന്നു. തങ്ങളെത്തന്നെ ശുദ്ധീകരിക്കണം. യോശുവയിലൂടെ കേട്ട വചനം അവർ അനുസരിച്ചു. യഹോവ തെളിച്ച വഴിയിലൂടെ യോർദ്ദാൻ കടക്കാൻ ഒരുങ്ങിയ യിസ്രായേൽ ജനം കഴിഞ്ഞകാല ജീവിതത്തിലേക്ക് തിരിഞ്ഞു. ദൈവം അവരുടെ മുൻപിൽ അതിശയം പ്രവർത്തിക്കുകയും ചെയ്തു. യഹോവയായ ദൈവം തന്റെ ജനത്തെക്കുറിച്ച് ആഗ്രഹിക്കുന്നതും വിശുദ്ധിയിൽ വളരണമെന്നാണ്. ലേവ്യ. 19:2 “നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പീൻ” എന്ന് അരുളിച്ചെയ്തിരിക്കുന്നു. ഇറച്ചിക്കുവേണ്ടി മുറവിളി കൂട്ടിയ ജനത്തോടും മോശെ മുഖാന്തിരം യഹോവ ആവശ്യപ്പെട്ടത് സംഖ്യാ. 11:8 ൽ നാം ഇങ്ങനെയാണ് വായിക്കുന്നത് ‘നാളത്തേക്കു നിങ്ങളെത്തന്നെ ശുദ്ധീകരിപ്പീൻ.”

യഹോവയുടെ വചനം കേട്ട് അനുസരിച്ച് തങ്ങളെത്തന്നെ ശുദ്ധീകരിച്ച ജനത്തിന്റെ മുൻപിൽ യഹോവ അതിശയം പ്രവർത്തിച്ചത് എങ്ങനെയെന്ന് പിന്നീടുള്ള ഭാഗങ്ങളിൽ കാണാൻ കഴിയുന്നു. യഹോവയുടെ പെട്ടകം ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാർ ജനത്തിനു മുൻപായി യോർദ്ദാനിലേക്ക് ഇറങ്ങി. പുരോഹിതന്മാരുടെ കാലുകൾ യോർദ്ദാനിലെ ജലത്തെ സ്പർശിച്ചപ്പോൾ കരകവിഞ്ഞൊഴുകിക്കൊണ്ടിരുന്ന ജലം ഒരു ചിറപോലെ നിന്നു. യോശുവ 3:16 ൽ ആ സംഭവം ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് “വെള്ളത്തിന്റെ ഒഴുക്ക് നിന്നപ്പോൾ സാരെഥാന് സമീപത്തുള്ള ആദാം പട്ടണത്തിനരികെ ബഹുദൂരത്തോളം ചിറപോലെ പൊങ്ങി; ആരാബയിലെ കടലായ ഉപ്പു കടലിലേക്ക് ഒഴുകി വെള്ളം വാർന്നു പോയി.” യിസ്രായേൽ ജനമെല്ലാം ഉണങ്ങിയ നിലത്തുകൂടെ മറുകര കടന്നു കഴിഞ്ഞപ്പോൾ പുരോഹിതന്മാരും കരയ്ക്കു കയറി. നദി സാധാരണ ഗതിയിൽ ഒഴുകിത്തുടങ്ങി. യോശുവയുടെ നിർദ്ദേശപ്രകാരം ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം യോർദ്ദാന്റെ നടുവിൽനിന്ന് പന്ത്രണ്ടു കല്ലുകൾ എടുത്ത് അവർ രാത്രി പാർത്ത സ്ഥലത്ത് സ്ഥാപിച്ചു. വരും തലമുറയ്ക്ക് തങ്ങളുടെ പിതാക്കന്മാരോട് ദൈവം കാണിച്ച കരുണയുടെ ജ്ഞാപകമായി ഗിൽഗാലിൽ അത് സ്ഥാപിച്ചു. യോർദ്ദാൻ കടക്കുക എന്ന പ്രശ്നത്തിന് അങ്ങനെ പരിഹാരമായി. അന്ന് യഹോവ യോശുവയെ എല്ലാ യിസ്രായേലിന്റെയും മുൻപാകെ വലിയവനാക്കി. അവർ മോശയെ ബഹുമാനിച്ചതുപോലെ അവനെയും അവന്റെ ആയുഷ്ക്കാലമൊക്കെയും ബഹുമാനിച്ചു യോശുവ 4:15.

യോർദ്ദാൻ കടന്നെങ്കിലും ഈ വഴിക്കു നിങ്ങൾ മുൻപെ പോയിട്ടില്ലായെന്ന സത്യം പിന്നെയും നിലനിൽക്കുന്നു. അവിടെ നിന്ന് കനാനിലേക്കുള്ള യാത്രയും പരിചിതമല്ലാത്ത വഴികളിലൂടെയാണ്. ആ വഴികളിൽ ഒളിച്ചിരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് പ്രവചിക്കുക സാദ്ധ്യമല്ല. യരിഹോ മതിൽ എന്ന അപ്രതിരോദ്ധ്യമായ വലിയ പ്രതിസന്ധി അവരുടെ മുൻപിൽ ഉണ്ടെന്ന് അറിയാം. പിന്നിട്ട പാതകളിൽ നേരിട്ട പ്രശ്നങ്ങളേക്കാൾ അതീവ ഗൗരവമേറിയ പ്രതിസന്ധികൾ അവരുടെ മുൻപിൽ ഉണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. കനാനിലേക്കുള്ള പ്രവേശനം സാദ്ധ്യമാകണമെങ്കിൽ യഹോവ അതിശയം പ്രവർത്തിച്ചേ മതിയാകൂ. അതിന് തങ്ങളെത്തന്നെ ശുദ്ധീകരിച്ച ജനം തങ്ങളെ ദൈവത്തിനായി സമർപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യേണ്ടതാണ്.

ഗിൽഗാലിൽ വച്ച് അവർ തങ്ങളെ പ്രതിഷ്ഠിക്കുന്നു. മിസ്രയീമിൽ നിന്നു പുറപ്പെട്ടുപോന്നവരിൽ യോശുവയും കാലേബും ഒഴിച്ച് മറ്റാരും ഇന്ന് ജീവിച്ചിരിപ്പില്ല. പിന്നീട് ജനിച്ചവരാരും പരിച്ഛേദന ഏറ്റിരുന്നുമില്ല. അതിനാൽ യഹോവയുടെ കല്പനപ്രകാരം യോശുവ തീക്കല്ലുകൊണ്ട് എല്ലാ പുരുഷപ്രജകളെയും പരിച്ഛേദന ചെയ്തു. മിസ്രയീമിന്റെ നിന്ദ അവരിൽ നിന്ന് അങ്ങനെ ഉരുട്ടിക്കളഞ്ഞതിനാൽ ആ സ്ഥലത്തിന് ഗിൽഗാൽ (ഉരുൾ) എന്നു പേരുമായി. അങ്ങനെ ശുദ്ധീകരിക്കപ്പെട്ട് വേർതിരിക്കപ്പെട്ട് പ്രതിഷ്ഠിക്കപ്പെട്ട ജനത്തിന്റെ മുൻപിൽ ലോകം ഇതുവരെ കണ്ടിട്ടില്ലാത്തതും ഇനിയും കാണാൻ കഴിയാത്തതുമായ വലിയ അത്ഭുതം യഹോവ പ്രവർത്തിച്ചു. യോശുവയുടെ പുസ്തകം ആറാം അദ്ധ്യായത്തിൽ ആ സംഭവം വിവരിച്ചിരിക്കുന്നു. മനുഷ്യശക്തിയാൽ തകർക്കാൻ കഴിയാത്ത യരീഹോ കോട്ട ശബ്ദത്താൽ തകർന്നു നിലംപരിചായി. ആറു ദിവസം ഒരു വട്ടം പട്ടണത്തെ ചുറ്റി നടന്നശേഷം ഏഴാം ദിവസം ഏഴു പ്രാവശ്യം ചുറ്റിനടക്കുകയും ഏഴാം പ്രാവശ്യം പുരോഹിതന്മാർ കാഹളം ഊതുകയും ജനം ആർപ്പുവിളിക്കുകയും ചെയ്തപ്പോൾ യരീഹോ

കോട്ട തകർന്നുവീണു.

'ഈ വഴിക്കു നിങ്ങൾ പോയിട്ടില്ലല്ലോ നിങ്ങളെ തന്നെ ശുദ്ധീകരിപ്പീൻ യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും എന്ന സന്ദേശം ഓരോ ക്രിസ്ത്യാനിയും സ്വജീവിതത്തിൽ അറിഞ്ഞ് ആചരിക്കേണ്ടതാണ്. ഒരു ദിവസം അവസാനിച്ച് പുതിയ ഒരു ദിവസം പ്രതീക്ഷയോടെ നോക്കിക്കാണുമ്പോൾ ഈ വാക്യം നമ്മുടെ മനോമുകുരത്തിൽ തെളിയേണ്ടതാണ്. ഉറങ്ങാൻ പോകുന്നതിനു മുൻപ് കഴിഞ്ഞുപോയ പകലിലേക്ക് തിരിഞ്ഞുനോട്ടം അനിവാര്യമായി വരുന്നു. ലഭിച്ച കൃപകളെ കാണുന്നതോടൊപ്പം വന്നുപോയ പിഴകളെ തിരിച്ചറിഞ്ഞ് അനുതാപത്തോടെ ദൈവത്തിന്റെ കരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ പുതിയ ദിനത്തിൽ പോയിട്ടില്ലാത്ത പാതകളിൽ ദൈവം അതിശയകരമായി നമ്മെ വഴിനടത്തും. ഒരാഴ്ച അവസാനിക്കുമ്പോഴും ഒരു മാസം അവസാനിക്കുമ്പോഴും ഈ സമർപ്പണം തുടരേണ്ടതാണ്. തദുപരി ഒരു വർഷം അവസാനിക്കുമ്പോൾ കുറേക്കൂടെ ഗൗരവത്തോടെ ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയണം. പിന്നിട്ട ഒരു വർഷത്തിലേക്കു തിരിഞ്ഞുനോക്കി വാക്കിലും പ്രവർത്തിയിലും ചിന്തയിലും വിചാരത്തിലും വന്നുപോയ പിഴകളെ കണ്ടറിഞ്ഞ് സത്യഅനുതാപത്തോടെ വി. കുമ്പസാരം നടത്തി നമ്മെ തന്നെ സമർപ്പിക്കുമ്പോൾ, പുതിയ വർഷത്തിലെ പോയിട്ടില്ലാത്ത പാതകളിൽ യരിഹോ കോട്ടയേക്കാൾ വലിയ പ്രതിസന്ധികളുണ്ടായാലും അതിനെയെല്ലാം തകർത്ത് സുഗമമായ പാത ദൈവം നമുക്ക് ഒരുക്കിത്തരുമെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധീകരണം മാത്രമാണ് അത്ഭുതത്തിനും അനുഗ്രഹത്തിനും വഴി തുറക്കുന്നത്.

❍

## Collection Schedule of Bethel Patrika Subscription from the Churches

| | | |
|---|---|---|
| **ഒക്ടോബർ 2013** | | |
| 1. | ആലാ സെന്റ് ജോർജ്ജ് | 06 - 10 - 2013 |
| 2. | കൂർത്തമല സെന്റ് മേരീസ് | 13 - 10 - 2013 |
| 3. | ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് | 20 - 10 - 2013 |
| 4. | വെൺമണി സെന്റ് മേരീസ് | 27 - 10 - 2013 |
| **നവംബർ 2013** | | |
| 5. | കല്ലുങ്കൽ വെസ്റ്റ് സെന്റ് ജോർജ്ജ് | 03 - 11 - 2013 |
| 6. | ഓതറ സെന്റ് മേരീസ് | 10 - 11 - 2013 |
| 7. | നെല്ലിമല മാർ ഗ്രീഗോറിയോസ് | 17 - 11 - 2013 |
| 8. | ബഥേൽ മാർ ഗ്രീഗോറിയോസ് | 24 - 11 - 2013 |
| **ഡിസംബർ 2013** | | |
| 9. | നെല്ലിക്കൽ സെന്റ് മേരീസ് | 03 - 12 - 2013 |
| 10. | പിരളശ്ശേരി സെന്റ് ജോർജ്ജ് | 10 - 12 - 2013 |
| 11. | പുത്തൻകാവ് സെന്റ് മേരീസ് | 17 - 12 - 2013 |
| 12. | പുലിയൂർ സെന്റ് മേരീസ് & സെന്റ് ജോർജ്ജ് | 24 - 12 - 2013 |

പേജ് 10 തുടർച്ച

മെത്രാൻ പട്ടമേറ്റു വന്നപ്പോൾ അദ്ദേഹത്തെ തുരത്താൻ ഉണ്ടായ ഒരവിശുദ്ധ കൂട്ടുകെട്ട് സമകാലികനായ കരവട്ടു വീട്ടിൽ മാർ ശെമവോൻ ദീവന്നാസ്യോസ് വിവരിക്കുന്നത് താഴെപറയും പ്രകാരമാണ്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാൻ പട്ടമേറ്റു വന്നകാലത്ത് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസും പരദേശി യുയാക്കീം മാർ കൂറിലോസും തമ്മിലുള്ള ബന്ധം ... *ബാവായെ അവിടെനിന്നും വടകരെ പള്ളിക്കാററു കൊണ്ടുപൊകയും, അതിൽ ഏതാനുംപെരു മെത്രാ- കൊതമങ്ങലത്തു ഇരിയ്ക്കുമ്പൊൾ അവിടെ ചെന്ന. അദെഹത്തെ വടകരെ കൊണ്ടുവരികയും, തമ്മിൽ കണ്ടസമയം മെത്രാ- മുറയ്ക്കു ബാവാ ആചാരംചെയ്യാതെ വർത്തമാനങ്ങൾ പറഞ്ഞതും, ... ബാവാ മെത്രാ- പട്ടം കൊടുത്തവരുടെ പട്ടവും അഴിച്ച ഏതാനും കൊടുത്തു വരുന്നു. മെത്രാ- വടകരെ താമസിച്ച പട്ടം അഴിച്ചെറ്റവരിൽ ഏതാനുംപെരെ മുടക്കയും ചൈതു പാർത്തുവരുന്നു.* ...

ഇതിനു ശേഷം അധികം താമസിയാതെ മാർ ദീവന്നാസ്യോസിനു ജനസ്വാധീനം വർദ്ധിക്കുന്നു എന്നു കണ്ടപ്പോഴത്തെ സ്ഥിതിയും അദ്ദേഹം തുടർന്നു വിവരിക്കുന്നുണ്ട്. ... *ബാവായും മെത്രാച്ചനുമായി തമ്മിൽ ആലൊജിച്ച, ഓരൊരൊവിധം അഭിപ്രായങ്ങൾ മനസ്സിൽ വിചാരിച്ചുംകൊണ്ടു, അയിമൊസ്യപ്പട്ട, എല്ലാ പള്ളിക്കാററും കൊലഞ്ചെരി പള്ളിയിൽ കൂടത്തക്കവണ്ണം ബാവായും, മെൽ പ്രകാരംതന്നെ മെത്രാച്ചനും, വടക്കെദിക്കിലുള്ള പള്ളിക്കാർക്കും, വടക്കുംതെക്കുമുള്ള പ്രമാണപ്പെട്ടവർക്കും, കല്പനകൾ എഴുതി അയച്ചു.* ... 1866-ൽ *പൊതു ശത്രുവിനെതിരായി* ഐമോസ്യപ്പെട്ട *ബാവാ* മാർ കൂറിലോസും, *മെത്ര-* പാലക്കുന്നത്ത് മാർ അത്താനാസ്യോസുമാണ്.

ഈ മാനദണ്ഡത്തിൽ ചിന്തിച്ചാൽ പാലക്കുന്നത്ത് ജോസഫ് മാർത്തോമ്മായുടെ പ്രസ്താവനയ്ക്ക് പല അർത്ഥതലങ്ങളും കാണാം.

❍

കവിത

# പരുമല പുണ്യവാളൻ

തടിയൂർ ഭാസി

മലയാളത്തിൻ മണ്ണിൽ ധ്രുവതാരകമായി
ജ്വലിച്ചു പ്രഭയേകും പ്രഥമ പരിശുദ്ധൻ

ദൈവിക സന്നിധിയാം പാവനോദ്യാനത്തിങ്കൽ
ആത്മീയ സുമമായി സുഗന്ധം പരത്തട്ടെ.

വിഖ്യാതൻ തിരുമേനി തന്നുടെ കബറിടം
സാന്ത്വനമേകീടുന്നു വിശ്വാസലക്ഷങ്ങളിൽ

പ്രകാശം ചൊരിയുന്നു മെഴുകിൻ തീ നാളത്താൽ
പരിശുദ്ധനാം തിരുമേനിതൻ കബറിടം

നിത്യേന പ്രാർത്ഥിക്കുന്നുണ്ടശ്രുധാരയാൽ പരി-
മളനാം തിരുമേനി താവക കബറിങ്കൽ.

പദയാത്രയായ് ഭക്തരെത്തുന്നു ദൂരം താണ്ടി
പെരുന്നാൾ ദിനം പരിശുദ്ധന്റെ സവിധത്തിൽ

പ്രാർത്ഥന മനുജനെ മൂല്യബോധിതനാക്കും
പരമപ്രധാനമായ മോക്ഷവും കൈവന്നിടും

ഓതിനാൻ തിരുമേനി, സത്യവും, വിശ്വാസവും
ഭക്തിയും, സന്മാർഗ്ഗവും, വളർത്തുന്നദ്ധ്യാപനം.

ജാതിയും, വർഗ്ഗ, വർണ്ണ വ്യത്യാസമതീതമായ്
മാനവരഖിലരും സമാനസൃഷ്ടികളാം.

എളിമ ജീവിതത്തിനുദാത്ത ശൈലിയെന്നു
തെളിച്ചു പുണ്യശ്ലോകൻ നമ്മെയുമതോർമ്മിപ്പിച്ചു.

വിശ്വാസമർപ്പിച്ചങ്ങു ദൈവത്തെ ഭജിച്ചെന്നാൽ
ആശ്വാസത്തോടെ ദൈവം നിങ്ങളിൽ പ്രസാദിക്കും.

ഏവർക്കും താതൻ പ്രാപ്യൻ രോഗികൾക്കാകെ സൗഖ്യം
അവിടെയിടമില്ല ജാതിയ്ക്കും മതത്തിനും.

സ്നേഹത്തിൻ തൂവൽ സ്പർശം ശാന്തിതൻ സന്ദേശങ്ങൾ
വ്യത്യസ്തമായി മാറി ഗ്രാമത്തിൻ മുഖച്ഛായ

നൊയമ്പും ഉപവാസം പ്രാർത്ഥന തപശ്ചര്യ
ജീവിതവ്രതമാക്കി നൈഷ്ഠിക ബ്രഹ്മചാരി.

കൊടികൾ, മുത്തുക്കുട കുരിശുമേന്തിക്കൊണ്ടു
ഭക്തിനിർഭരമാകും റാസയിൽ വിശ്വാസികൾ.

ഒന്നായങ്ങണിചേരും കുളിർമയേകും കാഴ്ച
മനസിൻ നൈർമ്മല്യങ്ങൾ പുനരുദ്ധരിക്കുന്നു.

മഹത്താം വ്യക്തിത്വവും, ദൃഢമാം വിശ്വാസവും
ഔന്നത്യം, നീതിബോധം,നിത്യദാ പ്രാർത്ഥനയും

നമ്മിലങ്ങുറയുന്ന കണ്ണീരിൻ കണങ്ങളെ
അഭിലാഷത്തിൻ സ്മിത പുഷ്പങ്ങളാക്കീടട്ടെ.

വെട്ടിക്കൽ ദയറായിൽ സന്യാസം നയിച്ചയാൾ
പ്രാർത്ഥനാ നിരതനായ് മുഴുകും ദിവാനിശം.

കൊച്ചയിപ്പോരയാഖ്യൻ ഗീവർഗ്ഗീസ് ഗ്രിഗോറിയോസ്
ചാത്തുരുത്തിലെ വീട്ടിൽ ജാതനായ് ചരിത്രത്തിൽ.

സഞ്ചാര സാഹിത്യത്തിൽ പ്രഥമ ഗണനീയം
'ഊർശ്ലേം' യാത്രാഗ്രന്ഥം ചരിത്ര സ്മരണീയം.

മാധ്യസ്ഥം വഹിക്കുന്നു പ്രാർത്ഥനാനിരതനായ്
ഭൂമിയിൽ, സ്വർഗ്ഗത്തിലും ദൈവസന്നിധിയിലും.

എണ്ണിയാലൊടുങ്ങാത്തൊരസംഖ്യം വിശേഷണ
ഗുണത്താൽ പരിപൂർണ്ണ പിതാവിൻ വ്യക്തിത്വങ്ങൾ

ജാതിയിൽ, കുടുംബത്തിൽ, വ്യക്തിയിൽ സമൂഹത്തിൽ
മതത്തിൽ തിരുമേനി ചൈതന്യം പരത്തുന്നു.

സമുദായോദ്ധാരകൻ, വിദ്യയിൽ വിചക്ഷണൻ
നിർമ്മല ദൈവഭക്തൻ, പ്രഗത്ഭ പ്രഭാഷകൻ.

ആകീർണ്ണ ഗുണത്വത്താൽ ഭാരത ചരിത്രത്തിൽ
പ്രകാശ ഗോപുരമായ് ജ്വലിക്കും പരിമളൻ.

ജീവിച്ചോരിടങ്ങളും സഞ്ചാരപഥങ്ങളും
ഉത്തരവാദിത്വവും സൗരഭ്യപൂരിതമായ്.

വിശുദ്ധൻ തിരുമേനി ഭാസുരനക്ഷത്രമായ്
വിശ്വാസി സമൂഹത്തിൽ കാന്തിയെ പരത്തട്ടെ.

തത്വത്തിൽ പരുമല മണ്ണിലെ തപോധനൻ
ഇതിഹാസത്തിൻ തുല്യമായിതാ വർത്തിക്കുന്നു.


പാവനചരിതനാം കർമ്മയോഗിതൻ നാമം
നൂറ്റാണ്ടു കഴിഞ്ഞാലും സ്മരിക്കും തീർത്ഥാടകർ.

# ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി

**ഫാ. പി.കെ. കോശി**

മലങ്കര ഓർത്തഡോക്സ് സഭ 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ പ. കാതോലിക്കാ ബാവായുടെ കല്പനപ്രകാരം സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ത്രീസുരക്ഷയും ശാക്തീകരണവും എന്ന പ്രത്യേക ചിന്തയിൽ 'പെൺമയുടെ നന്മ' എന്ന വിഷയം പഠനത്തിനും വിശകലനത്തിനുമായി നൽകിയിരിക്കുന്നു.

ഭാഷാശാസ്ത്രമനുസരിച്ച് സ്ത്രീ എന്ന പദത്തിന് പ്രസവിക്കുന്നവൾ (സു) എന്നാണ് മൂലസൂചകമായി നൽകിയിരിക്കുന്നത്. അമ്മ എന്ന വാക്കിന് എനിക്കുവേണ്ടിയല്ല എന്ന അർത്ഥവും നൽകപ്പെടുന്നു. സ്ത്രീ എന്ന പദത്തിന് സ്വതന്ത്രമായ ഒരർത്ഥമില്ല. സ്ത്രീ എന്നു പറഞ്ഞാൽ 'ഭാര്യ' എന്നും അർത്ഥമുണ്ട്. ഉല്പത്തി: 2:18 ൽ മനുഷ്യൻ തനിച്ചിരിക്കുന്നത് നന്നല്ല. അവനു തക്കതായ ഒരു തുണ ഞാൻ ഉണ്ടാക്കി കൊടുക്കും എന്ന് ദൈവം പറയുന്നു. ദൈവം സൃഷ്ടിച്ച ഒന്നിനെയും മനുഷ്യൻ ചങ്ങാതിയായി സ്വീകരിക്കാഞ്ഞതിനാൽ ദൈവം മനുഷ്യനിൽ നിന്നുതന്നെ സ്ത്രീയെ നിർമ്മിച്ചു. നരനു തുണയായി നാരിയെ നൽകി. എബ്രായ ഭാഷയിൽ നരന് (ഇഷ്) എന്നും നാരിയ്ക്ക് (ഇഷ്ഷം) എന്നും അറിയപ്പെടുന്നു.




സ്ത്രീയുടെയും പുരുഷന്റെയും ഉത്ഭവം സംബന്ധിച്ച് മനുസ്മൃതിയിൽ നല്കിയിരിക്കുന്ന പരാമർശം (1:32) ൽ കാണാം. സ്വയം ഭൂവായ ഈശ്വരൻ തന്റെ ശരീരത്തെ രണ്ടു ഖണ്ഡമാക്കി ഒന്നു പുരുഷനായും ഒന്നു സ്ത്രീയായും മാറ്റി. പുരുഷനോടുള്ള സ്ത്രീയുടെ സമത്വത്തെയും സ്ത്രീ-പുരുഷന്മാരുടെ പരസ്പര പൂരകമായ അവസ്ഥയെയും ഇതു വ്യക്തമാക്കുന്നു. ഇതുതന്നെ വി. വേദപുസ്തകത്തിലും അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവുമായി ചിത്രീകരിച്ചിരിക്കുന്നു (ഉല്പത്തി : 2:23).

മനുസ്മൃതിയുടെ 5:148 ൽ പറയുന്ന മറ്റൊരു വശം ശ്രദ്ധേയമാണ്.

"പിതാ രക്ഷതീകൗമാരേ,
ഭർത്താരക്ഷതി യൗവ്വനേ
രക്ഷന്തി സ്ഥാവിരേപുത്രാ,
ന സ്ത്രീ സ്വാതന്ത്ര്യമർഹതി."

കൗമാരാവസ്ഥയിൽ പിതാവിനാലും യൗവ്വനാവസ്ഥയിൽ ഭർത്താവിനാലും

വാർദ്ധക്യത്തിൽ പുത്രനാലും സ്ത്രീ സംരക്ഷിക്കപ്പെടണം. സ്ത്രീ സ്വതന്ത്രയല്ല. പരസ്പര വിരുദ്ധമായി സ്ത്രീയെപ്പറ്റി വിവരിയ്ക്കുമ്പോൾ ഭാരതീയ പാരമ്പര്യത്തിലെ സ്ത്രീ സങ്കല്പത്തിന്റെ നല്ല ദൃഷ്ടാന്തമാണ് നല്കുന്നത്. ഒരു വശത്ത് ദൈവത്വവും തുല്യതയും നൽകുമ്പോൾ മറുവശത്ത് സ്ത്രീയെന്ന ബലവും സംരക്ഷണം ആവശ്യമായവളുമായി ചിത്രീകരിക്കുന്നു.

സ്ത്രീയെ മാതാവായും ശക്തിയുടെ ഉറവിടമായും ദേവിയായും സങ്കല്പിച്ച് ആരാധിച്ചു വന്ന പുണ്യഭൂമിയാണ് ഭാരതം. സ്ത്രീയുടെ പ്രത്യക്ഷമായ പ്രതീകമാണ് സ്ത്രീ. സ്ത്രീത്വത്തിന്റെ സാഫല്യമാണ് മാതൃത്വം. അമ്മയെന്നു പറഞ്ഞാൽ പൂർണ്ണത നേടിയ സ്ത്രീ എന്നർത്ഥമാക്കാം. പുരാതനകാലത്ത് പുരുഷനെക്കാളും പ്രാധാന്യം സ്ത്രീയ്ക്കായിരുന്നു. പുരുഷൻ പൂർണ്ണനാകണമെങ്കിൽ സ്ത്രീ വേണമെന്ന് ഋഗ്വേദത്തിൽ പറയുന്നു.

മനുസ്മൃതിയിൽ 'യത്രനാര്യസ്തു പൂജ്യന്തേ രമന്തേ തത്രദേവത' എന്നു പറയുമ്പോൾ എവിടെ സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതമാർ രമിയ്ക്കും എന്ന് അർത്ഥം.

മഹാഭാരതത്തിൽ കുന്തീദേവിയും ഗാന്ധാരിയും ബന്ധുക്കളും ഇരുവരും ശത്രുപക്ഷത്താണെങ്കിലും ഇരുവരെയും നയിക്കുന്നത് മാതൃത്വവും ധർമ്മ ബോധവുമാണ്. രണ്ടുപേരും തീരാദുഃഖത്തിന് ഉദാഹരണമാണ്. കുന്തീദേവി ധർമ്മ പക്ഷപാതികളായ പാണ്ഡവരുടെ അമ്മയാണെങ്കിൽ ഗാന്ധാരി ധർമ്മം എവിടെയുണ്ടോ അവിടെ വിജയം ഉണ്ടാകും എന്ന് സ്വന്തം മക്കളെ ആശിർവ്വദിക്കുന്ന ദിവ്യമായ വ്യക്തിത്വത്തിന്റെ ഉറവിടമാണ്.

ഇസ്ലാമിക നിയമപ്രകാരം സ്ത്രീ സൗമ്യശീലയും ശാന്ത ചിത്തയും വിധേയത്വത്തിനുടമയുമാണ്. പുരുഷന്റെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും സ്ത്രീയുടെ സഹകരണം കൂടിയേ തീരു. പുരുഷന്റെ സ്വാഭാവികമായ ജീവിതത്തിന് സ്ത്രീയുടെ സഹകരണം കൂടിയേ തീരു എന്ന് അല്ലാഹുവിനറിയുന്നതിനാൽ ആദിമ മനുഷ്യനായ ആദത്തിന് അവന്റെ അലസതയും നിർവ്വികാരതയും മാറാൻ ഹവ്വായെ സൃഷ്ടിച്ചു നൽകി എന്നും മനുഷ്യസൃഷ്ടിയുടെ കാലം മുതൽ പുരുഷന്റെ ഇണയും തുണയും സ്ത്രീയാണ് എന്ന് ഖുറാൻ പഠിപ്പിക്കുന്നു.

വനിതാ വിമോചനവും സ്ത്രീ സ്വാതന്ത്ര്യവും സമത്വവും ആവശ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നതിന്റെ വ്യാചാർത്ഥത്തിനപ്പുറം വലിയൊരു ദീർഘദർശനം അതിലുണ്ടായിരുന്നുവോ എന്ന് ചിന്തിക്കേണ്ട ഒരു കാലഘട്ടമാണ് ഇന്ന്. ശൈശവത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ മകനും സംരക്ഷിയ്ക്കുക എന്ന് പറയുമ്പോൾ സ്ത്രീയുടെ ജീവനോപാധിയും സംരക്ഷണവും സ്വയം ഏല്പിക്കുക എന്നതിലപ്പുറം അവളെ സാക്ഷാൽ പ്രകൃതിയായി തന്നെ കണ്ട് സംരക്ഷിയ്ക്കണമെന്നാകാം 'മനു' ഉദ്ദേശിച്ചത്. അടിമയാക്കുക എന്നല്ല മറിച്ച് സമൂഹത്തിന്റെ വിളക്കായി കണ്ട് ആ പ്രകാശം കെടാതെയും കെടുത്താതെയും കാക്കുക എന്നത്രെ.

സ്ത്രീ പീഡന വാർത്തകൾ അനുദിനം വർദ്ധിച്ചു വരുന്ന ഒരു കാലമാണിത്. വിവാഹിതയും, അവിവാഹിതയും, ബാലികയും, പടുകിഴവിയും, പിഞ്ചുകുഞ്ഞുമെല്ലാം പീഡിപ്പിക്കപ്പെടുകയാണ് നമ്മുടെ നാട്ടിൽ പുരുഷവർഗ്ഗത്തിനെ – മനുഷ്യവർഗ്ഗത്തിന് 'പേ'പിടിച്ചോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സ്വന്തം യജമാനനെ അറിയുന്ന നായ് പേ പിടിച്ചാൽ പിന്നെയുണ്ടാകുന്ന അനുഭവമല്ലെ ഇന്ന് പിഞ്ചുകുഞ്ഞിനെയും പടുവൃദ്ധയെയും എന്തിന് സ്വന്തം രക്തത്തെ തന്നെ പീഡിപ്പിക്കുമ്പോൾ.

സ്ത്രീകൾ ഇന്ന് എല്ലാ മേഖലയിലും സ്വതന്ത്രരാണ്. എന്നിട്ടും തല്ലി കെടുത്തപ്പെടുന്ന അവസ്ഥയായിരിയ്ക്കുന്നു. കേരളത്തിൽ സ്ത്രീകൾ സർവ്വസ്വതന്ത്രയായിരുന്നു സർവ്വാധികാരിയുമായിരുന്നു. കുടുംബത്തിന്റെ സിരാകേന്ദ്രവും അവളായിരുന്നു. അഹംഭാവമല്ല അഹംബോധമാണ് ശൈശവകാലം മുതൽ ഒരു പെൺകുട്ടിയിൽ വളർന്നുവരേണ്ടത്. ഭവനത്തിലും വിദ്യാലയത്തിലും സമൂഹത്തിലും അവൾക്ക് പ്രാഥമികമായി ലഭിക്കേണ്ടത് ഈ അവബോധമാണ്. അവളിലുള്ള കെടാവിളക്ക് അണയാതെ സൂക്ഷിക്കേണ്ടത് സൃഷ്ടിച്ചവർ തന്നെയാണ്. ശക്തമായ അവബോധം സ്ത്രീകൾക്ക് ഇന്ന് നഷ്ടമായിരിയ്ക്കുന്നു.

സ്ത്രീ പീഡനം എന്ന തലക്കെട്ടിൽ വരുന്ന വാർത്തകൾ അപഗ്രഥിച്ചാൽ സ്ത്രീ വിമോചകരും, സ്ത്രീ ശാക്തീകാരന്മാരും മഹിളാ പ്രസ്ഥാനക്കാരും ഉജ്ജ്വലരായി നിലനിൽക്കുമ്പോഴും നമ്മുടെ സ്ത്രീകൾ സ്വന്തം ശക്തിയെക്കുറിച്ച് വേണ്ടത്ര ബോധ്യമുള്ളവരോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ രംഗത്തും സ്ത്രീകൾക്കു വേണ്ടി വാദിക്കുന്ന പുരുഷന്മാരുമുണ്ട്. പക്ഷേ അവരൊക്കെ യഥാർത്ഥത്തിൽ അവരുടെ വളർച്ചയും ഉയർച്ചയും ആഗ്രഹിക്കുന്നുവോ. സ്ത്രീ പൗരോഹിത്യത്തിന്റെയും സ്ത്രീകൾക്ക് നിയമസഭയിലെ പാതിസംഖ്യയും, ലൈംഗിക തൊഴിലാളികൾക്ക് പെൻഷൻ നൽകുക തുടങ്ങിയ പുരോഗമന ആശയങ്ങളിൽ സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചു

പറ്റാനല്ലെ പലരുടെയും ശ്രമം. ലൈംഗിക തൊഴിലാളിയുടെ ആത്മകഥ പ്രസിദ്ധം ചെയ്ത പ്രസാധകന്റെ ലക്ഷ്യം വിറ്റു വരവു വർദ്ധിപ്പിക്കുക എന്ന തിലപ്പുറം അവരോടുള്ള സഹതാപമാണോ എന്ന് രണ്ടു പ്രാവശ്യം ചിന്തിക്കേണ്ടിയിരിക്കുന്നു. സഹതാപമാണെങ്കിൽ ആ ജീവിത പ്രവർത്തനത്തിന് തൊഴിലിന്റെ മാന്യത നേടി കൊടുക്കണോ? അങ്ങനെയെങ്കിൽ പിടിച്ചുപറിക്കാർ പോക്കറ്റടിക്കാർ വാടകഗുണ്ട തൊഴിലാളികൾ തുടങ്ങി തൊഴിലിന്റെ മാന്യത കൊടുക്കേണ്ട എത്രയോ വിഭാഗങ്ങൾ ഉണ്ട് സമൂഹത്തിൽ.

സ്ത്രീകൾ അവരുടെ കടമകളും കർത്തവ്യങ്ങളും കഴിവുകളും തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം. സമൂഹത്തിൽ സ്ത്രീകൾക്കുള്ള പ്രാധാന്യവും അവർ ഗ്രഹിക്കുന്നില്ല. 'ആനയ്ക്ക് അതിന്റെ കരുത്ത് അറിഞ്ഞുകൂടാ' എന്നൊരു ചൊല്ലുണ്ട്. കൊതുകുപോലുള്ള ഒരു പാപ്പാന് ആന കീഴടങ്ങുന്നത്അതുകൊണ്ടല്ലേ. സ്ത്രീകളുടെ അവസ്ഥയും അപ്രകാരമാണ്. സ്വയ അവബോധം ഇല്ലാതെ തന്ത്രസാലികളുടെ വലയിൽ കുടുങ്ങപ്പെടുന്നു.

മഹാകവി ഉള്ളൂർ 'ചിത്രശാല' എന്ന രചനയിൽ മഹാരഥന്മാരായ അഞ്ചു പുരുഷന്മാരെ വരുതിയ്ക്കു നിർത്തി മഹാഭാരതയുദ്ധം ജയിച്ചത് പാഞ്ചാലിയുടെ കെട്ടഴിഞ്ഞ മുടിയിലായിരുന്നു അവരുടെ യുദ്ധവീര്യം എന്നത്രെ.

മേനി കാണിക്കലും മേനി മിനുക്കലും അണിഞ്ഞൊരുങ്ങലുമാണ് പ്രധാന സ്ത്രീ ധർമ്മം എന്ന വികൃതമായ ചിന്ത വളർത്തുകയാണ് ഇന്ന് മാധ്യമരംഗം. സ്ത്രീകളുടെ ബലമറിയുന്നില്ല എന്നത് കഷ്ടം. വനിതാസംഘടനകളും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും പലപ്പോഴും വേണ്ടാത്തതു പറഞ്ഞ് വഴി തെറ്റിയ്ക്കുന്ന അനുഭവം. വനിതാ കമ്മീഷനുകളോ കുടുംബകോടതികളോ നടക്കേണ്ടുന്ന യഥാർത്ഥ വഴി ഏതെന്ന് അവൾക്ക് കാണിച്ചുകൊടുക്കുന്നില്ല. വനിതാ മാസികകളും വനിതാപംക്തികളും റ്റി.വി. സ്ക്രീനുകളും സാധാരണ ചെയ്യുന്നത് ഫാഷൻ ഭ്രമം വർദ്ധിപ്പിച്ച് ഇക്കിളിപ്പെടുത്തി ബ്യൂട്ടി പാർലറുകളിലേയ്ക്കും ആഭരണശാലയിലേയ്ക്കും ആകർഷിക്കുകയാണല്ലോ ചെയ്യുന്നത്. ഓണച്ചന്തകളും ക്രിസ്തുമസ് ഫെയറുകളും യഥാർത്ഥത്തിൽ സാരി, ചുരിദാർ ചന്തകളായി മാറുന്നു. നാലിരട്ടി വിലയിടും, നാലിലൊന്ന് വില പ്രഖ്യാപിക്കുമ്പോൾ കുടുംബ വരുമാനം നോക്കാതെ അയൽക്കാരോടു മത്സരിച്ച് കണ്ടതെല്ലാം വാങ്ങിക്കൂട്ടി കടം കയറി ആത്മഹത്യയ്ക്ക് ഇടയാക്കുന്ന പൊങ്ങച്ചം സ്വയാവബോധമില്ലായ്മയുടെ ഫലമാണ്. അതുകൊണ്ട് തിരിച്ചറിവുകൾ നൽകപ്പെടുന്നില്ല എന്നത് സ്ത്രീകൾ സ്വയം മനസ്സിലാക്കുക. സ്ത്രീ ശക്തീകരണം സ്ത്രീ ശാക്തീകരണമാക്കി വലിച്ചു നീട്ടിയാൽ വ്യാകരണപ്പിഴവുണ്ടാകുന്നതല്ലാതെ പലപ്പോഴും സ്ത്രീ ശക്തി വളരുന്നില്ല.

ആളൊഴിഞ്ഞ വഴിയിൽ കടന്നുപിടിച്ച് ബലാൽസംഗം ചെയ്ത് കഴുത്തു ഞെരിച്ച് കൊന്ന് പാടത്തു വലിച്ചെറിയപ്പെടുന്നത് അക്രമമാണ്. എന്നാൽ ചാറ്റിംഗിലൂടെ പുരുഷൻ ഒരുക്കിയ വലയിൽ സ്വയം വെച്ചുകൊടുത്ത് പീഡനത്തിനിരയാക്കപ്പെടുന്നത് സ്വയം സമർപ്പിക്കലാണ്. രണ്ടും ഒരേ രീതിയിൽ കാണുവാൻ സാദ്ധ്യമല്ല. പീഡന വാർത്തകൾ അപഗ്രഥിച്ചാൽ അക്രമണങ്ങളെക്കാൾ സ്വയം സമർപ്പണങ്ങൾ ധാരാളം കാണാം. വിവാഹ പരസ്യം നൽകി അതിലൂടെ ബന്ധം പുലർത്തി ഹോട്ടൽ മുറികളിൽ സ്വയം ഏല്പിച്ച് സകലവും നഷ്ടപ്പെടുത്തുന്ന യുവതികൾ വേരിലും, തടിയിലും, ഇലയിലും വിഷം മുറ്റി നിൽക്കുന്ന വിഷവൃക്ഷങ്ങളെ മനസ്സിലാക്കാത്തത് സ്വയാവബോധത്തിന്റെ കുറവല്ലേ. നാട്ടിൽ നടക്കുന്ന അനേകം സംഭവങ്ങൾ അറിയാമായിരുന്നിട്ടും വഞ്ചിക്കപ്പെടാൻ സ്വയം ഏല്പിച്ച് ചതിപ്പരസ്യത്തിലും തുടർബന്ധങ്ങളിലും അകപ്പെടാതെ സൂക്ഷിക്കുക സ്ത്രീ ധർമ്മാണ്. പലപ്പോഴും സ്ത്രീകൾ അവരുടെ മൂല്യവും ഔന്നത്യവും മഹനീയതയും സ്വയം വേണ്ടവിധം ഉൾക്കൊള്ളാതിരിയ്ക്കുന്നു. വിലമതിക്കാനാവാത്ത ഒരു വജ്രമാണ് താനെന്ന് സ്വയാവബോധം ഉണ്ടാകണം. ഒരു മിസ്കോളിന് പിന്നാലെ പോകാനും കുടുക്കിൽ പെടാനും ഇടയാകാതെ ആത്മാവിശ്വാസവും ധൈര്യവുമുള്ളവരാകണം സ്ത്രീകൾ. ഈ ധീരതയും ആത്മവിശ്വാസവും പുതുതലമുറയിൽ നഷ്ടമായിരിക്കുന്നു. ചുറ്റും പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ച് യഥാർത്ഥമായ അറിവുണ്ടാവുക വളരുന്തോറും പെൺകുട്ടികൾക്കാവശ്യമാണ്.

ഇന്ന് ആകാശം മുട്ടെ അറിവ് വളർന്നിരിക്കുന്നു. ഇന്ന് ജീവിതം 'നെറ്റിൽ കുടുങ്ങിക്കിടക്കുന്ന അനുഭവം. എന്തിനെയും അന്ധമായി ആരാധിക്കുകയും പിന്തുടരുകയും ചെയ്യുന്നത് ഫാഷനായി മാറിയിരിക്കുന്നു. ജീവിതം അടിച്ചുപൊളിയ്ക്കുന്ന, ആഘോഷമാക്കുന്നവർ കോടികൾകൊണ്ടുപോലും വിലമതിക്കാനാവാത്ത മൂല്യങ്ങൾ നിസ്സാര സുഖങ്ങൾക്കായി വിറ്റു തുലയ്ക്കുന്നു. മോഡേണാകണം എന്ന ചിന്തയിൽ ദേവാലയ ആരാധനയിൽ സംബന്ധിക്കുമ്പോൾ പോലും ഫാഷൻ ഷോയുടെ അവസ്ഥ. സ്ത്രീകൾ തലയിൽ മൂടുപടം ഇടണം. പക്ഷേ ഇന്ന് സ്ത്രീകൾ അതിനു തയ്യാറല്ല. ദേവാ

ലയങ്ങളിൽപ്പോലും സ്ലീവ്ലെസ്സും, ടോപ്ലെസ്സും, ബോട്ടം ലെസ്സുമൊക്കെയായി എത്തുന്ന ഫാഷൻ കുമാരിമാരുടെയും, കൊച്ചമ്മമാരുടെയും, വല്യമ്മ മാരുടെയും എണ്ണം വർദ്ധിക്കുന്നു. വി. വിവാഹ കൂദാശയിൽ പോലും യോജ്യമല്ലാത്ത വസ്ത്രം ധരിച്ചു വരുന്ന വധുക്കൾ മന്ത്രകോടി സാരി ആക യാൽ മണവാട്ടി സാരി ധരിച്ചുവേണം വി. വിവാഹ കൂദാശയിൽ സംബന്ധിക്കേണ്ടത്. പടി ഞ്ഞാറൻ സംസ്ക്കാരത്തിലെ ആവശ്യമായതിനെ സ്വീകരിക്കുന്ന അവബോധം വേണം. സ്ത്രീകൾക്കു ലഭ്യമായ പരമ്പരാഗത വസ്ത്രം പോലും അവഗണിച്ചിരിക്കുന്ന അവസ്ഥ. പണ്ട് വസ്ത്രധാരണത്തിലൂടെ ക്രിസ്തീയ സ്ത്രീക ളെയും പുരുഷന്മാരെയും അറിയാമായിരുന്നു. മാത്ര മല്ല രാജാക്കന്മാരും ഭരണാധികാരികളും ക്രിസ്ത്യാ നികൾക്ക് പല അവകാശങ്ങളും നൽകിയിരുന്നു. അതുപോലും നഷ്ടമാക്കിയിരിക്കുന്നു നമ്മൾ.

ആവർത്തന പുസ്തകം 22:5 ൽ പറയുന്നത് പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിയ്ക്കരുത് അങ്ങനെ ചെയ്യു ന്നവരൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പാകുന്നു. ഇന്ന് യുവതീയുവാക്കളെ, സ്ത്രീപുരുഷന്മാരെ വസ്ത്രധാരണത്തിൽ കൂടി പോലും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ.

'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി' വെറും വാക്കല്ലായിരുന്നു. സ്ത്രീയുടെ മഹത്വത്തിന്റെയും മാലാഖത്വത്തിന്റെയും വിശുദ്ധിയുടെയും പ്രതീക മായിരുന്നു അത്. ഭാരതത്തിന്റെ പ്രഥമ വനിതാ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാ ഗാന്ധിയും, പ്രഥമ വനിതാ പ്രസിഡന്റായിരുന്ന ശ്രീമതി പ്രതിഭാ പാട്ടീലും അശരണർക്ക് ആലം ബമായിരുന്ന മദർ തെരേസയുടെയുമൊക്കെ സ്ത്രീജന്മങ്ങളായിരുന്നു. അവർ കാണിച്ച നല്ല വസ്ത്രധാരണ രീതികൾ ഉൾക്കൊള്ളുമ്പോൾ സ്ത്രീകൾ ആത്മീയമായും ശാരീരികമായും മാന സികമായും ശക്തിയാർജ്ജിക്കും.

❍



സംസ്ഥാന മുന്നോക്ക വികസനസമിതി ചെയർമാൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ള അഭി വന്ദ്യ തിരുമേനിയെ അരമനയിൽ സന്ദർശിച്ചപ്പോൾ

# ഡോക്ടറേറ്റ് ലഭിച്ചു



കൊട്ടാരക്കര ചെങ്ങമനാട് ബേത്ലഹേം ആശ്രമം സുപ്പീരിയർ **ഫാ. കെ. ഗീവർഗീസിന്** സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്ത്യൻ മിനിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു. "വിദ്യാർത്ഥികളിലെ ടെലിവിഷൻ സ്വാധീനം" എന്ന വിഷയത്തിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ മേൽനോട്ട ത്തിലായിരുന്നു ഗവേഷണം. കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് ഹയർസെക്കണ്ടറി സ്ക്കൂളിലെ സുറിയാനി വിഭാഗം അദ്ധ്യാപകനാണ്. കോട്ടയം ദേവലോകം അരമന അസിസ്റ്റന്റ് മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചെങ്കുളം സെന്റ് ജോർജ് ഇടവകാംഗം. ഇപ്പോൾ ആവണീശ്വരം സെന്റ് മേരീസ് പള്ളി വികാരിയാണ്. എം.എ., ബി.എഡ്., ബി.ഡി. ബിരുദങ്ങളും ലഭിച്ചിട്ടുണ്ട്.



വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യൂണി വേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ **മെർലിൻ ആൻ ബാബു**. ആറ്റുവ മാർ ബർസൗമാ ഓർത്തഡോക്സ് പള്ളി ഇടവകാം ഗവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗവുമായ ആഞ്ഞിലിവിളയിൽ ശ്രീ. കോശി ജോണിന്റെയും ശ്രീമതി പൊന്നമ്മ കോശിയുടെയും മകൻ ലിജോ കോശി ജോണിന്റെ സഹധർമ്മിണിയും കുരമ്പാല ആലുംമൂട്ടിൽ ചർച്ച് വ്യൂവിൽ ശ്രീ. ബാബുകോശി യുടെയും ശ്രീമതി മേരി ബാബുവിന്റെയും മകളുമാണ്.

# അഭിനന്ദനങ്ങൾ





ചെങ്ങന്നൂർ ഭദ്രാസനതല കലാമ ത്സരത്തിൽ ജൂനിയർ വിഭാഗം വാക്യമത്സരത്തിൽ 1–ാം സ്ഥാനം നേടിയ ഇവാൻസ് ചാക്കോ മാത്യൂ. സബ്ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ 1–ാം സ്ഥാനം നേടിയ എബ്ബേസ് റ്റി. മാത്യൂ, പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ സെന്റ് മേരീസ് സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളും, പേരിശ്ശേരി സെന്റ് മേരീസ് വലിയപള്ളി വികാരി ഫാ. ബിജു റ്റി. മാത്യുവി ന്റെയും ശ്രീമതി മെർളിൻ റ്റി. മാത്യുവിന്റേയും മക്കളാണ്.

# വിശ്വാസപഠന ക്ലാസ്സുകൾ




എല്ലാ ബുധനാഴ്ചയും രാവിലെ 10 മുതൽ 12 വരെ പരുമലസെമിനാരിയിൽ വിശ്വാസപഠന ക്ലാസ്സുകൾ



# 1686 – ലെ ചെങ്ങന്നൂർ സുന്നഹദോസും കാനോനിക നോമ്പുകളും

തുടർച്ച

ഫാ. ഡോ. തോംസൺ റോബി

**മാർ ഈവാനിയോസും ചെങ്ങന്നൂർ സുന്നഹദോസും**

ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കരയിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിച്ച വിദേശ മെത്രാനായിരുന്നു മാർ ഈവാനിയോസ്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി അലക്സാൻഡ്രിയൻ വേദശാസ്ത്രം മലങ്കര അംഗീകരിക്കുകയും അത് ഒരു പുതിയ ചിന്താതരംഗം മലങ്കര സഭയ്ക്ക് നല്കുകയും ചെയ്തു. മലങ്കരസഭ ഇന്നും അംഗീകരിക്കുന്ന ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം ഈ സുന്നഹദോസിന്റെ തീരുമാനങ്ങളാണ്. മലങ്കരസഭയുടെ നിർണ്ണായകമായ ചരിത്രമുഹൂർത്തങ്ങൾക്കാണ് ഈ പള്ളിയോഗം സാക്ഷ്യം വഹിച്ചത്. മലങ്കര സഭയ്ക്ക് ഉദയംപേരൂർ സുന്നഹദോസിലൂടെ നഷ്ടമായ പാരമ്പര്യങ്ങളെ പുനഃസ്ഥാപിക്കാൻ ഇടയാക്കിയ ചരിത്ര പോരാട്ടമായിരുന്നു ഈ പള്ളിയോഗം.

റോമാക്കാർ മലങ്കരയിൽ നടപ്പിലാക്കിയ. പല ചിന്തകളേയും അദ്ദേഹം മാറ്റി മറിച്ചു. ഈ സുന്നഹദോസിൽ നിന്നുണ്ടായ തീരുമാനങ്ങളെ പ്രതിപാദിക്കുന്ന ദീർഘമായ ഒരു കല്പന മാർ ഈവാനിയോസ് അയച്ചു കൂടാതെ മാർ ഈവാനിയോസിന്റെ പെരുന്നാൾ കണക്ക് എന്ന പദ്യത്തിൽ മലങ്കരയിൽ പ്രചരിച്ചിരുന്ന ചില റോമൻ-കൽദായ പെരുന്നാളുകളും ചില പ്രാദേശീക പെരുന്നാൾ ദിവസങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. കോനാട്ട് ഗ്രന്ഥശേഖരത്തിലുള്ള 154-ാം നമ്പർ സുറിയാനി കയ്യെഴുത്തു കൃതിയിൽ *ഭാരത ക്രൈസ്തവരുടെ എപ്പിസ്ക്കോപ്പ ആയ മാർ ഈവാനിയോസ്* എഴുതിയ ഒരു കല്പന ചേർത്തിട്ടുണ്ട്. അമ്മീറ, നോമ്പ് എന്ന വിഷയങ്ങളാണ് പരാമർശിച്ചിരിക്കുന്നത്.

ഈ സുന്നഹദോസിൽ വച്ച് അദ്ദേഹം അഞ്ച് വിശ്വാസ സത്യങ്ങൾ അവതരിപ്പിച്ച് അംഗീകരിപ്പിച്ച് കല്പന തയ്യാറാക്കി. 1. സാർവ്വത്രിക സഭ റോമാസഭയല്ല, സാർവ്വത്രിക സഭ എന്നത് മൂന്നു പൊതു സുന്നഹദോസുകൾ ക്രമപ്പെടുത്തിയ വിശ്വാസത്തിൽ അധിഷ്ഠിതമായ പൊതു സഭയാണ്. 2. ക്രിസ്തുവിൽ കലർപ്പില്ലാത്ത ഏകസ്വഭാവവും രണ്ടു ക്നൂമ്മായും ഉണ്ട്. 3. പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെടുന്നു. റോമാസഭയുടെ പിതാവിൽനിന്നും പുത്രനിൽനിന്നും എന്ന പഠിപ്പിക്കൽ തെറ്റാണ്; 4. വി കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കണം5. പൗരസ്ത്യ പാരമ്പര്യ പ്രകാരമുള്ള ബുധൻ, വെള്ളി ദിവസങ്ങളാണ് നോമ്പായി ആചരിക്കേണ്ടത് റോമാക്കാർ പറയുന്ന ശനിയാഴ്ചയല്ല. കൂടാതെ റോമൻ കത്തോലിക്കർ പഠിപ്പിക്കുന്ന ബസ്പുർക്കാന (ശുദ്ധീകരണസ്ഥലം) എന്നൊന്നില്ല. ഈ തീരുമാനങ്ങളിലൂടെ റോമൻ കത്തോലിക്കാ സഭ ഉദയംപേരൂർ സുന്നഹദോസിലൂടെ നടപ്പിലാക്കിയ ചിന്തകൾ തെറ്റാണെന്ന് കണ്ടെത്തുകയും അതിനെ തിരുത്തുകയും ചെയ്തു. നോമ്പ് ദിവസത്തെപ്പറ്റിയും, നോമ്പിന്റെ നിയമങ്ങളെപ്പറ്റിയും, വി കുർബ്ബാനയിൽ അമ്മിറ ഉപയോഗിക്കുന്നതിനെപ്പറ്റിയും, വൈദീക നിയമങ്ങളെപ്പറ്റിയും ആധീകാരിക നിർവചനങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ കഴിയുന്ന ചിന്തകളെ കോർത്തിണക്കുവാൻ ഈ സുന്നഹദോസിലൂടെ സാധിച്ചു. ഈ നിയമങ്ങൾ മാർ ഈവാനിയോസ് കല്പനകളിലൂടെ മലങ്കരയിൽ പരിചയപ്പെടുത്തി.

1685-ൽ വന്ന ഈവാനിയോസിനെപ്പറ്റി ഏതാനും വിവരങ്ങൾ ഇന്ന് ലഭ്യമാണ്, മാർ ഈവാനിയോസ് ആണ് മലങ്കര സഭയിൽ ആദ്യമായി ഹൂദായാ കാനോൻ എന്ന നിയമസംഹിതയെ ഭാഗീകമായെങ്കിലും പരിചയപ്പെടുത്തിയത്, കുറിയാക്കോസ് പാത്രിയർക്കീസ്, ബസ്സേലിയോസ് റാബോ, ആദായ് ശ്ലീഹാ, തെല്ലോയിലെ യൂഹാനോൻ പൗലൂസ്, ശ്ലീഹന്മാരുടെ പതിനാലു കാനോനാകൾ, എന്നീ നിയമങ്ങൾ മാർ ഈവാനിയോസിൽനിന്ന് ഒരു യൗസേപ്പ് കശ്ശീശ്ശാ പകർത്തിയെടുത്തത് ഇന്ന് ലഭ്യമായിട്ടുണ്ട്. കൂടാതെ മറ്റു പലരുടെയും കൃതികൾ ഈ കയ്യെഴുത്തു പ്രതിയിൽ കാണുന്നു.[13] അതിന്റെ അർത്ഥം 1685-ൽ വന്ന മാർ ഈവാനിയോസ് ആണ് ഇന്ന് സഭയിൽ ഉപയോഗത്തിലിരിക്കുന്ന പല പാരമ്പര്യങ്ങളും നിയമങ്ങളും നമുക്ക് നല്കിയത് എന്താണ്. അവ അന്ത്യോഖ്യൻ സഭയിലും, പേർഷ്യൻ സഭയിലും ഒരു പക്ഷേ അലക്സാണ്ട്രിയൻ സഭയിലും നിലവിലിരുന്ന പൊതു പാരമ്പര്യങ്ങളായിരിക്കണം.

**മാർ ഈവാനിയോസും നോമ്പുകളും**

പൗരസ്ത്യ സഭയിൽ കാനോനീകമായി അഞ്ചു നോമ്പുകൾ ഉണ്ടെന്നുള്ളത് പുരാതനകാലം മുതൽ തന്നെയുള്ള നിയമമാണ് ഇതിനുപുറമെ, ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങൾ ഒഴികെ എല്ലാ ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും സഭ നോമ്പ് അനുഷ്ഠിച്ചിരുന്നു. ഈ ചിന്തയെ തമസ്ക്കരിച്ചിരുന്ന റോമൻ പാരമ്പര്യം മാറ്റി മാർ ഈവാനിയോസ് ചെങ്ങന്നൂർ സുന്നഹദോസിലൂടെ പഴയ പാരമ്പര്യം വീണ്ടും മലങ്കരയിൽ ഉറപ്പിക്കുന്നതായി കാണുന്നു. ഉദയംപേരൂർ സുന്നഹദോസിലുടെ ചില പുതിയ നോമ്പുകൾ ഉണ്ടാക്കിയും ചിലവ നിരോധിച്ചും സുറിയാനിക്കാരുടെ മറകളെ നിഷേധിച്ചതിന്റെ പശ്ചാത്തലത്തിലാണ് ചെങ്ങന്നൂർ സുന്നഹദോസിലൂടെ വിശുദ്ധ നോമ്പുകൾ വ്യക്തമാക്കി പ്രഖ്യാപിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്കായി നൽകിയിരിക്കുന്നത്.

ചെങ്ങന്നൂർ സുന്നഹദോസിൽ പല കാര്യങ്ങളെപ്പറ്റിയുള്ള ചിന്തകളും ഉരുത്തിരിയുകയും അവ നടപ്പിലാക്കുകയും ചെയ്തു. വലിയ നോമ്പ് 40 ദിവസത്തെ നോമ്പാണെങ്കിലും എട്ടു ദിവസങ്ങളിലെ ഹാശാ ആഴ്ചയും കൂടി ഉൾപ്പെടുത്തി 48 ദിവസം കൊണ്ടാണ് ആ നോമ്പ് തികയ്ക്കുന്നത്. വലിയ നോമ്പിൽ വലിയ പ്രാധാന്യം നൽകണം. ശനിയും ഞായറും ഉപവസിക്കാൻ പാടില്ല. മറ്റു ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിക്കാൻ പാടില്ല. വലിയ നോമ്പു കാലങ്ങളിൽ വിരുന്നുകളും മറ്റ് ആഘോഷങ്ങളും പാടില്ല. വിശുദ്ധന്മാരുടെയും സഹദേന്മാരുടെയും ഓർമ്മ നോമ്പു കാലങ്ങളിൽ വന്നാൽ അവ ശനിയാഴ്ചയോ ഞായറാഴ്ചയോ നടത്താം. ദൈവമാതാവിനോടുള്ള വചനിപ്പിന്റെ പെരുന്നാൾ അതിപ്രധാനമായ ഒന്നാകായാൽ സഭ അതിനായി നിശ്ചയിച്ചിരിക്കുന്ന ദിവസം തന്നെ നടത്തണം. പാതി നോമ്പിന്റെ ബുധനാഴ്ച ദിവസം വി. കുർബ്ബാന അർപ്പിക്കണം എന്നെല്ലാം മാർ ഈവാനിയോസിന്റെ കല്പനയിൽ കാണുന്നു.

നമ്മുടെ കർത്താവിന്റെ ജനനത്തിന് മുമ്പുള്ള നോമ്പും മുമ്പ് നാല്പതു ദിവസമായിട്ടാണ് അനുഷ്ടിച്ചിരുന്നതെങ്കിലും മാർ ഈവാനിയോസ് ഹദിയള്ളാ സുറിയാനി സഭയുടെ കാലിക രീതി അനുസരിച്ച് ഡിസംബർ 1-ാം തീയതി മുതൽ നോമ്പ് ആരംഭിച്ച് 25-ന് പെരുന്നാൾ ആഘോഷിച്ച് അവസാനിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. നിനുവാ നോമ്പ് ഉപവാസവും വലിയ നോമ്പിന് മൂന്നാഴ്ച മുമ്പുള്ള തിങ്കളാഴ്ച മുതൽ ആ ആഴ്ചയിലെ തന്നെ വ്യാഴാഴ്ച രാവിലെ വരെ അനുഷ്ഠിക്കണം. ശ്ലീഹാ നോമ്പ് പെന്തിക്കോസ്തി പെരുന്നാളിന്റെ പിറ്റേന്ന് തിങ്കളാഴ്ച മുതൽ ജൂൺ 29 വരെയും കൊണ്ടാടണം അതായത് പത്രോസിന്റെയും പൗലോസിന്റെയും ഓർമ്മപെരുന്നാൾ വരെ ആചരിക്കണം (ഇപ്പോൾ ജൂൺ 16 മുതൽ 29 വരെ) ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പ് ആഗസ്റ്റ് ഒന്നു മുതൽ മാസത്തിന്റെ പകുതിവരെയും ആചരിച്ച് ശൂനോയോ പെരുന്നാൾ ആഘോഷിക്കണം.

നോമ്പുകാലത്ത് വിശ്വാസികൾ മാംസവും, മുട്ടയും, വെണ്ണയും, പാലും, പാൽക്കട്ടിയും, ജീവികളെ ഒന്നും ഭക്ഷിച്ചു കൂടാത്തതാകുന്നു. ബുധനാഴ്ചയും വെള്ളിയാഴ്ചയും സൂര്യൻ അസ്തമിക്കും മുൻപ് വിലക്കപ്പെട്ടതൊന്നും വിശ്വാസികൾ ഭക്ഷിക്കരുത്. വൈകുന്നേരം ഒരുവൻ നോമ്പ് അവസാനിപ്പിക്കുന്നില്ലെങ്കിൽ രാവിലെ വരെ തുടരാവുന്നതാണെന്നും മാർ ഈവാനിയോസ് പറയുന്നുണ്ട്. പ്രകാശത്തിൽ നിന്നാണ് ദൈവസൃഷ്ടിയുടെ ആരംഭം കുറിക്കുന്നത് എന്ന ചിന്തയാണ് ഇതിനു പിന്നിലുള്ളത്.

മലങ്കരസഭയുടെ നിർണ്ണായകമായ ചരിത്ര മുഹൂർത്തങ്ങൾക്ക് 1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് സാക്ഷ്യം വഹിച്ചു. സഭയുടെ വേദശാസ്ത്ര അടിത്തറ, പ്രത്യേകിച്ച് നോമ്പിന്റെ അർത്ഥവും അവയുടെ ആചരണവും സംബന്ധിച്ച കാര്യങ്ങൾക്ക് അടിത്തറ പാകിയ ചെങ്ങന്നൂർ സുന്നഹദോസ് സഭാ ചരിത്രത്തിൽ തങ്കലിപികളാൽ കൊത്തി വച്ച ചരിത്രസ്മാരകമാണ്. ഇതു നടപ്പിലാക്കാൻ *മലങ്കര പള്ളിയോഗം* വിളിച്ചു ചേർത്തത് പുരാതനകാലം മുതലുള്ള സഭയുടെ ജനാധിപത്യ രീതിയിലുള്ള ഭരണക്രമത്തെ വിളിച്ചോതുന്നു. നോമ്പു ദിവസത്തെപ്പറ്റിയും, നോമ്പിന്റെ നിയമങ്ങളെപ്പറ്റിയും കുർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നതിനെപ്പറ്റിയും വി കുർബ്ബാന അപ്പത്തെപ്പറ്റിയും, വൈദീക വിവാഹത്തെപ്പറ്റിയും ആധീകാരിക നിർവചനങ്ങളും നിർദ്ദേശങ്ങളും നല്കാൻ കഴിഞ്ഞ സുന്നഹദോസ് എന്ന നിലയിൽ ചെങ്ങന്നൂർ സുന്നഹദോസിന്റെ സ്ഥാനം അതുല്യമാണ്. ലത്തീൻ വത്ക്കരണത്തിലൂടെ മലങ്കരയുടെ മേൽ അടിച്ചേൽപ്പിച്ച റോമൻ പാരമ്പര്യത്തിലുള്ള നോമ്പിന്റെയും മറ്റും ചില വേദശാസ്ത്ര ചിന്തകളെ മായിച്ചു കളഞ്ഞ് പുതിയ ദിശാബോധം നൽകുവാനുള്ള മാർ ഈവാനിയോസിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

നോമ്പ് ദിവസത്തിന്റെ തലേന്ന് വൈകുന്നേരം മുതൽ ആരംഭിക്കണം. ബുധനും വെള്ളിയും നോമ്പു നോല്ക്കണം. ശനിയാഴ്ച പാടില്ല തുടങ്ങിയ മാറ്റങ്ങളിലൂടെ ഉദയംപേരൂർ സുന്നഹദോസിന്റെ തീരുമാനത്തെ മാറ്റി മറിക്കാൻ ചെങ്ങന്നൂർ സുന്നഹദോസിനു കഴിഞ്ഞു. മലങ്കരയിൽ കൊണ്ടുവന്ന പല റോമൻ കത്തോലിക്കാ വിശ്വാസവും ശരിയായിരുന്നില്ല എന്നു സ്ഥാപിക്കുവാൻ ഈ സുന്നഹദോസിലൂടെ മാർ ഈവാനിയോസിനു സാധിച്ചു. മലങ്കരസഭയ്ക്ക് നഷ്ടമായ സുറിയാനി പാരമ്പര്യങ്ങളെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞ ചരിത്ര നേട്ടങ്ങളാണ് 1686-ലെ ചെങ്ങന്നൂർ സുന്നഹദോസിലൂടെയും മാർ ഈവാനിയോസിന്റെ പ്രവർത്തിയിലൂടെയും സാധിച്ചത് എന്നത് സ്മരണീയമാണ്.



## ഏവൻഗേല്യോന്യധ്യാനം

# മെൽത്തോ

ഫാ. ബിജു റ്റി. മാത്യു



കഴിഞ്ഞ ഒരു
ആരാധനാ വർഷക്കാലം
***ഏവൻഗേലിയോന്യ ചിന്തകൾ***
***'മെൽതോ'***
പങ്കുവെച്ച
**ഫാ. ബിജു റ്റി. മാത്യുവിന്**
ബഥേൽ പത്രിക
പത്രാധിപസമിതിയുടെ
കൃതജ്ഞത
രേഖപ്പെടുത്തുന്നു.

**പെന്തിക്കോസ്തിക്കുശേഷം 6–ാം ഞായറാഴ്ച : വി. ലൂക്കോസ് 18:18–27**

സമ്പന്ന ലോകത്തിൽ ക്രൈസ്തവ ദൗത്യം എന്തെന്നും ജീവിതത്തിലെ നല്ല മൂല്യമായി ദൈവത്തെ സ്വീകരിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്തുകൊണ്ട് നിത്യജീവൻ പ്രാപിക്കുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്ന ഒരു വേദഭാഗമാണിത്.

**അന്വേഷകനും അസ്വസ്ഥനുമായിരുന്ന ന്യായപ്രമാണി :-**

വി. മർക്കോസ് പറയുന്നത് ധനികനായ മനുഷ്യൻ എന്നാണ് വി. മത്തായി സാക്ഷിക്കുന്നത് 'യൗവനക്കാരൻ' എന്ന നാമധേയത്തിലാണ്. ലൂക്കോസാകട്ടെ, പ്രമാണിയെന്ന് പറയുമ്പോൾ ലോകത്തിന്റെ കണ്ണിൽ വളരെ മൂലധനമുള്ള മനുഷ്യനാണ് ഈ മനുഷ്യൻ. നിത്യജീവനെന്നത് എല്ലാ മൂലധനത്തേയുംകാൾ ശ്രേഷ്ഠയുള്ള മറ്റൊരു മൂലധനമായി കാണുകയാണ്. ഈ പശ്ചാത്തലത്തിൽ യേശുവിനോടു ചോദിച്ചു. നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം? വി. ലൂക്കോസ് 18:19,20 'കല്പനകൾ അനുസരിക്കണം' എന്നു പറയുമ്പോൾ, ഇവ ഒക്കെയും ഞാൻ ചെറുപ്പം മുതൽ കാത്തുകൊണ്ടിരിക്കുന്നു എന്നു മറുപടി പറയുകയുണ്ടായി. നിയമങ്ങളും കല്പനകളും ബാല്യം മുതൽ തന്നെ അനുസരിക്കുവാനുള്ള താല്പര്യവും ആഗ്രഹവും ന്യായപ്രമാണിയിൽ ഉണ്ടായിരുന്നുവെന്നത് തികച്ചും അതിശയോക്തി ഉളവാക്കുന്നു. കർത്താവ് വീണ്ടും കല്പിക്കുന്നു "നീ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക." യാഥാർത്ഥ ശിഷ്യത്വം സമ്പത്തു പരിത്യജിച്ചു കൊണ്ടായിരിക്കണം എന്ന് യേശുതമ്പുരാൻ വ്യക്തമാക്കുന്നു.

ന്യായപ്രമാണിയുടെ 3 വിധത്തിലുള്ള ജീവിത മനോഭാവം ആത്മീയ പരിചിന്തനത്തിനായി സമർപ്പിക്കാം.

1) His view about sin:-

വി. ലൂക്കോസ് 18:21 "ഞാൻ ചെറുപ്പം മുതൽ ഇതെല്ലാം കാത്തുകൊണ്ടിരിക്കുന്നു." വി. ലൂക്കോസ് 18:23 ധനവാനാകകൊണ്ട് അതിദുഃഖിതനായിത്തീർന്നു. നിയമലംഘനമാണ് പാപം എന്നും ആ മതാത്മകതയുടെ വിശുദ്ധി നിലനിർത്തുവാനും ന്യായപ്രമാണി ശ്രദ്ധിക്കു

മ്പോൾ, സമ്പത്തിനോടുള്ള അഭിനിവേശത്തിൽ നിന്നും ഹൃദയത്തെ മോചിപ്പിക്കാതിരിക്കുന്നതു പാപമാണെന്ന് വിസ്മരിക്കുകയാണിവിടെ. ദ്രവ്യാഗ്രഹം സകല പാപത്തിനും മൂലകാരണമല്ലോ. മത നിയമങ്ങളുടെ അനുശാസനങ്ങളിൽ സമ്പന്നനാണ് എങ്കിലും ജീവിതത്തിന്റെ പ്രവൃത്തിപഥത്തിൽ തിരുത്തലുകൾ ആവശ്യമാണെന്ന് അവബോധമുണ്ടാകുകയും പശ്ചാത്തപിക്കുകയും ചെയ്തു. ദൈവ രാജ്യത്തിൽ പ്രവേശിക്കുവാൻ തീർച്ചയായ മാർഗ്ഗമാണ് സർവ്വവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുന്ന ശിഷ്യത്വം.

**His view about Christ : വി. ലൂക്കോസ് 18:18**

ദൈവീക കല്പനകൾ പാലിക്കുന്നതിൽ അതീവ ശ്രദ്ധാലുവായ ധാർമ്മികനും ഏറെ വസ്തുവകകൾ ഉള്ള ധനികനുമായ ഒരാൾ യെരുശലേമിലേക്കുള്ള യേശുവിന്റെ യാത്രയിൽ സമീപിച്ചു, യേശുവിന്റെ മുമ്പിൽ നമ്രശിരസ്കനാവുന്നു. ആദരവും ബഹുമാനവും സമർപ്പിച്ച്, നല്ലവനായ ഗുരോ എന്ന ശ്രേഷ്ഠവും അനന്യവും അതുല്യവുമായ സംബോധന വഴി, യേശുവിന്റെ ദൈവത്വത്തെ അറിയുകയാണിവിടെ. റാബിമാരെ യഹൂദർ 'ഗുരു' എന്നായിരുന്നു വിളിച്ചിരുന്നത്. 'നല്ലവനായ ഗുരോ' എന്ന സംബോധനയിലൂടെ യേശുവിനെ അറിവുള്ള ഒരാളാക്കി മാറ്റാനുള്ള ശ്രമമാണ്. യേശുതമ്പുരാൻ സാക്ഷാൽ ദൈവപുത്രനാണെന്നും നിത്യജീവനിലേക്കുള്ള വഴിയാണെന്നും ന്യായശാസ്ത്രി മനസ്സിലാക്കാതെ പോയി.

**His view about Salvation:**

'നിത്യജീവൻ' അവകാശമാക്കുക (18:19-30) ദൈവരാജ്യത്തിൽ പ്രവേശിക്കുക (18:24-25) രക്ഷ പ്രാപിക്കുക (18:26) എന്നിവയെല്ലാം ഒരു സംഗതി വർണ്ണിക്കുന്ന പര്യായങ്ങളാണ്. ഈ ലോകത്തിനപ്പുറം, തുടരുന്ന ദൈവരാജ്യാനുഭവത്തിന്റെ പൂർണ്ണതയെ ന്യായപ്രമാണി മനസ്സിൽ കാണുകയാണ്. എന്നാൽ യേശുതമ്പുരാൻ കല്പിക്കുന്നു. 'ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴിയിൽ കൂടി കടക്കുന്നതാകുന്നു.' ചെറിയ സുഷിരത്തിലൂടെ പാലസ്തീനിലെ ഏറ്റവും വലിയ മൃഗം കടന്നുപോകയില്ല. ഇത് അസാദ്ധ്യമാണ്. അതുപോലെ ധനികർക്ക് സമ്പത്തോടുകൂടി ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല എന്നതാണ് ഇതിന്റെ അർത്ഥം.

**പെന്തിക്കോസ്തിക്കുശേഷം 7-ാം ഞായറാഴ്ച : വി. മത്തായി 5:21-26**

കുലമഹിമയിലോ പ്രതാപത്തിലോ ജോലിയിലോ സമ്പത്തിലോ അല്ല, സഹോദരങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ കെട്ടുറപ്പിലും അവരിലൂടെ പ്രകാശിതമാവുന്ന ദൈവാനുഭവമാണ് യഥാർത്ഥ ആത്മീയതയിൽ കുടികൊള്ളുന്നത് എന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നു.

a) സഹോദര ബന്ധത്തിൽ നിന്ന് മതാത്മകതയിലെ വിശുദ്ധിയിലേക്ക്

വി. മത്തായി 5:23 ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്ന് സഹോദരനോട് നിരന്നുകൊൾക പിന്നെ വന്ന് വഴിപാട് അർപ്പിക്കുക. സഹോദരനോട് കലഹിച്ചിരുന്നു കൊണ്ടുള്ള ബലിയർപ്പണം ദൈവത്തിന് സ്വീകാര്യമല്ല, ദൈവത്തോടുള്ള അനുരഞ്ജനം സഹോദരനോടുള്ള അനുരഞ്ജനത്തോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. (വി. മത്തായി 6:1, 14,15) വി. കുർബ്ബാനയിൽ 'മറ്റുള്ളവരോട് നിരപ്പാവുക' എന്നത് ഏറ്റം അഭികാമ്യമാണെന്ന് പൗരസ്ത്യ സഭ പഠിപ്പിക്കുന്നു. ആരാധനയിൽ ആദ്യമേ സമാധാന ചുംബനം നടത്തിവരുന്നത് നീതിയോടുകൂടി ബലിയർപ്പിക്കുന്നു എന്നു കാണുവാൻ കൂടി വേണ്ടിയാണ്. അനുരഞ്ജനം കാലഘട്ടത്തിൽ എല്ലായിടത്തും ആവശ്യമാണ്. മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക ഇന്നിന്റെ ലക്ഷ്യമായി മാറണം. ജീവിതമെന്നതു തന്നെ ഈ തലമുറയ്ക്ക് Qualitative എന്നതിലുപരി Competetive ആയി മാറിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സ്നേഹത്തിന്റെ പ്രമാണം വ്യക്തിപരമായ പ്രതിബദ്ധതയോടുകൂടി അനുഷ്ഠിച്ച ദൈവത്തോടും മനുഷ്യനോടും ഉള്ള കടമകൾ നിറവേറ്റി മനുഷ്യന്റെ മഹത്വത്തിനും മനുഷ്യത്വത്തിനും മാഹാത്മ്യത്തിനും വില കല്പിക്കുവാൻ കഴിയണം.

2) നിരസം, വിദ്വേഷം, കോപം എന്നീ വൈകാരിക ഭാവങ്ങൾ കഠിന പാപത്തിലേക്കും ശിക്ഷാവിധിയിലേക്കും നയിക്കുന്നു.

വി. മത്തായി 5:21-22 ധാർമ്മികതയുടെ ആന്തരീക മൂല്യങ്ങളുടെ അപഗ്രഥനമാണ് യേശുവിന്റെ ഈ വാക്കുകൾ. 'കുലപാതകം' പാപം എങ്കിൽ കുലപാതകത്തിന്റെ ആരംഭം കോപത്തിൽനിന്നും വിദ്വേഷത്തിൽ നിന്നും ആകുന്നു വെന്ന് യേശു വ്യക്തമാക്കി. ഒക്ടോബർ 2-ാം തീയതി മാവേലിക്കര ജയിൽ സൂപ്രണ്ട് പറഞ്ഞ ഒരു കാര്യം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. 98% തടവറക്കാരും മദ്യത്തിൽ നിന്നും കോപത്തിൽ നിന്നും ഉടലെടുത്ത വികാരത്തെ നിയന്ത്രിക്കാൻ വയ്യാതെ തെറ്റുകുറ്റങ്ങൾ ചെയ്തിട്ടുള്ളവരാണ്. മനുഷ്യവ്യക്തിത്വത്തെ നിരുപാധികം ആദരിക്കുന്ന പുതിയ മനോഭാവം കാലഘട്ടത്തിന്റെ ആവശ്യമാണ്. ആരാധനയ്ക്കു വേണ്ടിയുള്ള ആത്മസമർപ്പണവും അനുരഞ്ജനവും സഹോദരനുവേണ്ടിയുള്ള ആത്മദാനവും സമൂഹത്തിൽ ധാർമ്മിക നിലവാരം ഉയർത്തും എന്നത് നിസ്തർക്കമാണ്. മറ്റുള്ളവരെ ഹൃദയത്തിൽ വെറുക്കുന്നവൻ മനസ്സിൽ കൊലപാതകം ചെയ്യുന്നു (1 യോഹ. 3:15). കരുത്തരുടെ ലോകത്തിൽ കരുതലിന്റെ പ്രവാചകന്മാരായി നമുക്കു ആയിത്തീരാം.

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

## പ്രതികരണപത്രിക

### വധു മാർത്തോമ്മാക്കാരിയെങ്കിൽ ശനിയാഴ്ചക്കല്യാണം പാടില്ല

മാർത്തോമ്മാ സഭയ്ക്കുവേണ്ടി ഓർത്തഡോക്സുകാരന്റെ ശനിയാഴ്ച കല്യാണം എന്ന കുറിപ്പും (2012 ഒക്ടോബർ) തുടർന്നു വന്ന പ്രസിദ്ധീകരണങ്ങളും (2012 നവംബർ, 2013 ജനുവരി) കണ്ടു. 'മനുഷ്യൻ ന്യായപ്രമാണത്തിനു വേണ്ടിയല്ല; ന്യായപ്രമാണം മനുഷ്യനു വേണ്ടിയാണ്' അടിയന്തിര സാഹചര്യത്തിൽ നിയമങ്ങൾക്ക് ഇളവു കൊടുക്കേണ്ടത് ആവശ്യമാണ്. മലങ്കരസഭയുടെ വിവാഹദിവസങ്ങളെക്കുറിച്ചുള്ള നിയമത്തിന് ഇതു ബാധകമാണ്. ഓർത്തഡോക്സ് സഭയിൽ നോമ്പില്ലാത്ത ഞായറും തിങ്കളും മാത്രമെ വിവാഹകൂദാശ നടത്താൻ അനുവാദമുള്ളല്ലോ. തീരെ ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭങ്ങളിൽ മറ്റു ചില ദിവസങ്ങളിലും അനുവദിക്കുന്നതിൽ തെറ്റില്ല. വധുവിന്റേയോ വരന്റേയോ, അങ്ങേയറ്റം അവരുടെ മാതാപിതാക്കളുടെയോ അസൗകര്യം മാത്രമെ പ്രത്യേക അനുവാദത്തിന് പരിഗണിക്കാവൂ. വധൂവരന്മാരുടെ സഹോദരങ്ങളുടെപോലും അസൗകര്യം പരിഗണിക്കാൻ പാടില്ല. അതുപോലെ വികാരിയുടെ ശുപാർശയും മെത്രാപ്പോലീത്തായുടെ സാക്ഷ്യവുമില്ലാതെ യാതൊരു കാരണവശാലും നിരോധിത ദിവസം വിവാഹം നടത്താൻ സഭാകേന്ദ്രത്തിൽ നിന്ന് അനുവദിക്കരുത്. എന്നാൽ വികാരിമാരും ഭദ്രാസനാധിപന്മാരും സഭാകേന്ദ്രവും ഇക്കാര്യത്തിൽ അയഞ്ഞ സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

കോട്ടയത്തിനു തെക്കുള്ള ഭദ്രാസനങ്ങളിൽ ഈ അവസരം മുതലെടുത്ത് മറ്റു സഭകൾ നമ്മെ അടിക്കുന്നതിനുള്ള വടിയായി ഉപയോഗിക്കുന്നു എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഈ പ്രദേശത്തു നടക്കുന്ന ശനിയാഴ്ച കല്യാണങ്ങളിൽ ഭൂരിപക്ഷവും മാർത്തോമ്മാക്കാരുടെ പ്രേരണയാൽ ഓർത്തഡോക്സുകാരൻ ക്രമീകരിക്കുന്നതാണ്. അതുകൊണ്ട് അനുവാദം വാങ്ങാനായി സഭാകേന്ദ്രത്തിൽ വരുന്നവരോട് ആദ്യം വധുവിന്റെ സഭയേതെന്ന് അന്വേഷിക്കണം. മാർത്തോമ്മായെങ്കിൽ യാതൊരു കാരണവശാലും ശനിയാഴ്ച അനുവദിക്കരുത്. വികാരിയുടെ കത്തിൽ തന്നെ വധു മാർത്തോമ്മാക്കാരിയാണോ എന്ന് പ്രത്യേകം കാണിക്കുന്നതു നന്നായിരിക്കും. ചില ഇടവകകളിൽ വിവാഹം ഉറപ്പിച്ചതിനുശേഷം മാത്രം ഓർത്തഡോക്സ് സഭയിൽ ചേരുന്ന മാർത്തോമ്മാ വധുവിന്റെ വീട്ടുകാരിൽ നിന്ന് പണം ഈടാക്കി, വധുവിനെ ഇടവക ചേർത്ത് ഓർത്തഡോക്സ് വധു എന്ന വ്യാജേന അനുവാദം വാങ്ങി ശനിയാഴ്ച കല്യാണം നടത്തുന്നവരുണ്ട്. അനുവാദത്തിനുള്ള അപേക്ഷയിൽ വധൂവരന്മാർ ഒരേ ഇടവകയിൽ അംഗങ്ങളായിരിക്കും. ഓർത്തഡോക്സ് ഇടവകയ്ക്ക് പണം കിട്ടും; മാർത്തോമ്മാക്കാരുടെ ഇഷ്ടവും നടക്കും.

സഭാകേന്ദ്രം അറിയാതെയും നിരോധിതദിനങ്ങളിൽ വിവാഹം നടക്കുന്നുണ്ട്. സഭയിലെ ഒരു ഭദ്രാസന കേന്ദ്രത്തിന്റെ കടം വീട്ടാനായി ഇത്തരം വിവാഹങ്ങൾ അനുവദിച്ച് പിഴയടപ്പിച്ച് ആദായമുണ്ടാക്കിയതായി അറിയുന്നു. റോമാസഭയിൽ 15-ാം നൂറ്റാണ്ടിലുണ്ടായിരുന്ന പാപമോചന ചീട്ടിനു സമാനമായ സംഗതിയാണിവ. വത്തിക്കാനിൽ ബൃഹത്തായ കൊട്ടാര-ദേവാലയ സമുച്ചയങ്ങൾ പണിയാനായി ധനശേഖരണാർത്ഥമാണ് പാപമോചന ചീട്ടുകൾ വില്പനയാരംഭിച്ചത്. നിശ്ചിത സംഖ്യ അടച്ചാൽ ഏതു പാപവും (മുൻകൂറായിപ്പോലും) ക്ഷമിച്ചുകൊടുക്കുമായിരുന്നു. ഇവിടെ നടന്നത് ഇതിന്റെ ആധുനിക പതിപ്പാണ് എന്നു പറയുന്നതിൽ ഖേദമുണ്ട്.

**സന്തോഷ് മാത്യു ഇലന്തൂർ**



ഇടവങ്കാട് എം.ജി.എം. സണ്ടേസ്ക്കൂളിലെ എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള ഐഡന്റിറ്റി കാർഡിന്റെയും ബാഗിന്റെയും വിതരണ ഉദ്ഘാടനം ഇടവക വികാരി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ നിർവ്വഹിക്കുന്നു. ഹെഡ്മിസ്ട്രസ് ശ്രീമതി ഏലിയാമ്മ ജോർജ്ജ് സമീപം.



ബുധനൂർ സെന്റ് ഏലിയാസ് യുവജനപ്രസ്ഥാനത്തിന്റെ വിവിധ സാമൂഹ്യ-ആത്മീയ പദ്ധതികൾ ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസിയോസ് നിർവ്വഹിക്കുന്നു. ജോബിൻ കെ. ജോർജ്ജ്, ഫാ. സൈമൺ വർഗ്ഗീസ്, അഞ്ജു വർഗീസ്, ഫാ. സുനിൽ ജോസഫ്, ഫാ. മാത്യു ഏബ്രഹാം, റോബിൻ ജോ വർഗീസ്, ഫാ. ബിജു റ്റി. മാത്യു, സജി പട്ടരുമഠം എന്നിവർ സമീപം.

# ഓർത്തഡോക്സ് സഭ ഉത്തർഘണ്ടിലേക്ക്

## ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ

മനുഷ്യമനസ്സിനെ ഞെട്ടിപ്പിച്ച അതിദാരുണമായ പ്രകൃതി ദുരന്തമായിരുന്നു 2013 ജൂൺ പകുതിയോടുകൂടി ഉത്തർഘണ്ടിൽ നടന്നത്. കുത്തിയൊലിച്ചുവന്ന മലവെള്ള പാച്ചിലിൽ ഒഴുകിപ്പോയത് ആയിരക്കണക്കിന് മനുഷ്യജീവനുകളായിരുന്നു. അനേകായിരം മൃഗങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, ആരാധനാസ്ഥലങ്ങൾ, നൂറുകണക്കിന് ചെറുതും വലുതുമായ കെട്ടിടങ്ങൾ തുടങ്ങി മനുഷ്യവാസ യോഗ്യമായ അനേകം ഗ്രാമങ്ങൾ ആ ഘോരമായ വെള്ളപ്പാച്ചിലിന്റെ ശക്തിയിൽ ഒലിച്ചുപോയി. ഇന്ന് ഗ്രാമങ്ങൾ പലതും കാണാനില്ല. സ്വന്തസ്ഥലങ്ങൾ ഏതെന്ന് തിരിച്ചറിയാൻ പാടില്ലാത്ത സ്ഥിതിയിലാണ് ദുരന്തപ്രദേശം. അന്നവിടെ ഉണ്ടായിരുന്ന സ്വദേശീയരും വിദേശീയരുമായ തീർത്ഥാടകരും ഈ ദുരന്തത്തിൽ നഷ്ടപ്പെടുകയുണ്ടായി. നഷ്ടത്തിന്റെ കൃത്യമായ കണക്കുകൾ ഇതുവരെയും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് കണക്കനുസരിച്ച് അയ്യായിരത്തിലധികം മനുഷ്യജീവൻ നഷ്ടമായി. 4200 ഗ്രാമങ്ങൾ തമ്മിൽ ബന്ധിക്കുന്ന റോഡുകൾ മുഴുവനായി നഷ്ടപ്പെട്ടു. 3758 ഗ്രാമങ്ങളെ ഈ ദുരന്തം ഗുരുതരമായി  ബാധിച്ചു.

ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനം ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവിടെ സഭയുടേതായി നടത്തുകയുണ്ടായി. ആയിരക്കണക്കിന് ഭവനരഹിതരായ പാവപ്പെട്ട ജനങ്ങൾ താൽക്കാലിക ടെന്റുകളിലാണ് താമസിക്കുന്നത്. നവംബർ, ഡിസംബർ മാസങ്ങളിൽ കൊടുംശൈത്യം വരികയാണ്. ഇവർക്ക് സുരക്ഷിതമായി കിടന്നുറങ്ങാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇവരുടെ പുനരധിവാസത്തിനായുള്ള പ്രക്രിയയിൽ അനേക പ്രസ്ഥാനങ്ങൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 1977 ലെ അന്ധ്രാസൈക്ലോൺ മുതൽ 2004-ലെ സുനാമി ദുരന്തംവരെ ഇന്ത്യൻ ജനതയെ ദുഃഖത്തിലാഴ്ത്തിയ സകല പ്രകൃതിദുരന്തങ്ങളിലും മലങ്കരസഭയുടെ സജീവമായ സാന്നിദ്ധ്യവും സഹായവും പുനരധിവാസപ്രവർത്തനങ്ങളും അനുഗ്രഹകരമായി നടത്തുകയുണ്ടായി. സഭാജനങ്ങൾ ഈ നല്ല ആവശ്യങ്ങൾക്ക് കോടിക്കണക്കിനാണ് സംഭാവന നൽകിയത്. ഇപ്പോൾ ഉത്തർഘണ്ടിലെ പ്രകൃതിദുരന്തത്തിന്റെ കെടുതിയിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന ആയിരക്കണക്കിനായ നമ്മുടെ സഹോദരവർഗ്ഗത്തെ സഹായിക്കുവാനുള്ള കടമ എല്ലാവർക്കുമുണ്ട്. ഉത്തർഘണ്ടിൽ പുനരധിവാസ പ്രവർത്തനം നടത്തുന്നതിനായി ഓഗസ്റ്റിൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ തീരുമാനിക്കുകയുണ്ടായി. അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ  പരുമലയിൽ കൂടിയ പ്രാഥമിക യോഗത്തിൽ ദുരിതബാധിതപ്രദേശം സന്ദർശിച്ച് പരിശുദ്ധ ബാവാ തിരുമേനിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫാ. ഷാജി മാത്യു, ഫാ. സജി യോഹന്നാൻ, ഫാ. നൈനാൻ ഫിലിപ്പ്, ഫാ. അഭിലാഷ് എന്നീ വൈദീകരും, ലോക ലൂഥറൻ ഫെഡറേഷന്റെ ദുരിതാശ്വാസ പ്രവർത്തന സംഘടനയുടെ ഉന്നത ഓഫീസറായി  പ്രവർത്തിച്ചു വന്നിരുന്ന മലങ്കര സഭയുടെ അംഗമായ ശ്രീ. മത്തായിക്കുട്ടി എന്നിവരെ ചുമതലപ്പെടുത്തി. ഡൽഹിയിൽ നിന്ന് 12 മണിക്കൂർ വണ്ടിയിൽ അതിസാഹസികമായ രീതിയിലാണ് യാത്രചെയ്യേണ്ടി വന്നത്. കാരണം, റോഡുകൾ എല്ലാം നാമാവിശേഷമായതിനാൽ 4 മണിക്കൂർ വീണ്ടും കാൽനടയായി യാത്രചെയ്താണ് സ്ഥലത്ത് എത്തിയത്. അവർ അവിടെ താമസിച്ച് പഠനം നടത്തിയതിനുശേഷം ഗവാനിഗ്രാമം പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ശുപാർശ ചെയ്തു. ഇതു സംബന്ധമായ കൂടിയാലോചനകൾക്കായി ഡൽഹിയിൽ ഉണ്ടായിരുന്ന മിഷൻബോർഡ് പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡൽഹി ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസ്, വെരി. റവ. കെ.ഐ. ഫിലിപ്പ് റമ്പാൻ, ഭദ്രാസന വൈദീക അൽമായ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച മിഷൻബോർഡ് എക്സിക്യുട്ടീവിൽ ചർച്ച ചെയ്ത് പരിശുദ്ധ ബാവാ തിരുമേനിയ്ക്ക് സമർപ്പിക്കുകയുണ്ടായി. അതിൻപ്രകാരം ഗവാനി ഗ്രാമത്തിൽ 34 ഭവനങ്ങളും, കമ്മ്യൂണിറ്റി ഹാളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് മിഷൻബോർഡ് എക്സിക്യുട്ടീവിന്റെ ശുപാർശ പരിശുദ്ധ ബാവാതിരുമേനി അംഗീകരിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. മലങ്കരസഭാ മിഷൻബോർഡിന്റെ ചുമതലയിലും ഡൽഹി ഭദ്രാസനത്തിന്റെ പ്രത്യേകമായ സഹകരണത്തിലുമാണ് പ്രവർത്തനങ്ങൾ നടത്തുവാൻ പരിശുദ്ധ ബാവാ ചുമതലപ്പെടുത്തിയിരിക്കുന്നത്. അടുത്ത നാലുമാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കാനാണ് ആഗ്രഹിക്കുന്നത്. ദുരിതപൂർണ്ണമായ നിലയിൽ ഓരോ നാളും തള്ളിനീക്കുന്ന അവിടെയുള്ള നമ്മുടെ സഹോദരീസഹോദരങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ കടപ്പാട് ദൈവസന്നിധിയിൽ നാം ഓർക്കണം. അടിയന്തിരമായ സഹായങ്ങൾ വ്യക്തികളായി, സംഘടനകളായി, ഇടവകകളായി, പ്രസ്ഥാനങ്ങളായി ഉത്തർഘണ്ട് ദുരിതാശ്വാസനിധി, മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര-3 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണമെന്ന് പരിശുദ്ധ ബാവാതിരുമേനിയുടെ കല്പന വഴി അറിയിച്ചിട്ടുണ്ട്.

സുമനസുള്ള സഭാമക്കൾ ഉണർന്നു പ്രവർത്തിക്കേണ്ടതായ സമയമാണിത്. ഒന്നരകോടി രൂപാ അവിടുത്തെ പ്രവർത്തങ്ങൾക്കാവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ദൈവം നമുക്ക് നൽകിയ കൃപകൾക്കനുസൃതമായി നമ്മുടെ സഹോദരവർഗ്ഗത്തിന്റെ ദുഃഖത്തിൽ നമുക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അവർക്കായി നമ്മുടെ സഹായഹസ്തങ്ങൽ നീട്ടാം. അവരെ പ്രാർത്ഥനയിൽ ഓർക്കാം. അങ്ങനെ മലങ്കര ഓർത്തഡോക്സ് സഭയുടെ  ക്രിസ്തീയ സാക്ഷ്യം ഭാരതമണ്ണിൽ അനസ്യൂതം തുടരാം. ക്രിസ്തുവിൽ നമുക്കായി വെളിപ്പെട്ട ദൈവീക സ്നേഹം നമ്മളിലൂടെ നമ്മുടെ സഹോദരവർഗ്ഗത്തിനായി പങ്കിട്ട് ക്രിസ്തുവിന്റെ നാമം മഹിമപ്പെടുത്താം. വിശുദ്ധ ത്രിത്വനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

# ഞാൻ എന്ന ശത്രു

സ്നേഹമുള്ള കൂട്ടുകാരെ,

മനുഷ്യന്റെ ഏറ്റവും വലിയ ശത്രു ആരാണെന്നു ചോദിച്ചാൽ ഉത്തരം പലതരത്തിലായിരിക്കും. പകർച്ചവ്യാധിയും എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളുമെന്നു ചിലർ പറഞ്ഞേക്കാം. പ്രകൃതിക്ഷോഭമെന്നാകും ചിലരുടെ പക്ഷം. ഇവയെല്ലാം മനുഷ്യന്റെ ശത്രുക്കൾ തന്നെ. എന്നാൽ ഇവയെക്കാൾ ഭീകരനായ മറ്റൊരു ശത്രുവുണ്ട്. ആരാണെന്നു ചോദിച്ചാൽ "ഞാൻ" എന്നാണിതിനുത്തരം.

'ഞാൻ' എന്ന വികാരം ചില നന്മകൾ നമുക്കു വരുത്തുന്നു എന്നതു ശരിതന്നെ. എന്നാൽ അമിതഭാവം നമ്മെ വളരെ ദയനീയമായ അവസ്ഥയിൽ എത്തിക്കുമെന്നതിന് സംശയമില്ല. നമ്മുടെ മനുഷ്യത്വം നശിപ്പിച്ച് ആത്മവിശ്വാസം ഇല്ലാതാക്കുവാൻ അതിനുകഴിയും. അത് ചിലപ്പോൾ നിയന്ത്രണം വിട്ട് നമ്മെ ഭ്രാന്തു പിടിപ്പിച്ചു എന്നു വരാം. ബഹിരാകാശത്തെ കീഴടക്കുവാനും പ്രപഞ്ചശക്തികളെ നിയന്ത്രിക്കുവാനും കഴിയുന്ന മനുഷ്യൻ ഞാൻ എന്ന വികാരത്തിനടിമയായിത്തീരുന്നു എന്നുള്ളത് എത്ര ദയനീയമാണ്.

ആധുനികതയിൽ ഞാൻ എന്ന വികാരത്തിന് അഹംഭാവം എന്നാണ് പറയുന്നത്. ഇതിന്റെ ഒരു പ്രത്യേകത: ഞാൻ എന്ന ഭാവം പുറത്തു നിന്നു നമ്മുടെ മേൽ കടന്നാക്രമണം നടത്തുകയില്ല. അത് നമ്മിൽ തന്നെ ഉണ്ടായിവരുന്ന ഒരു തോന്നലാണ്. നമ്മുടെ ചിന്തയിൽ നിന്നും രൂപമെടുക്കുന്നതാണ് അഹംഭാവം. നമ്മുടെ ഭാവനയുടെ സൃഷ്ടിയാണ് ഇത്. നാം തന്നെ സൃഷ്ടിക്കുന്ന ഈ ഭാവം നമ്മെ അടിമയാക്കി തീർക്കുന്നു. മാരകമായ അനുഭവം നമ്മിൽ ഉളവാക്കുകയും ചെയ്യുന്നു.

ഞാൻ എന്ന ഭാവത്തിനെന്താണ് പ്രതിവിധി? നമ്മിൽ വസിക്കുന്നതും നമുക്കു ലഭ്യമാകുന്നതുമായ ദൈവസാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധമാണ് ഏറ്റവും വലിയ പ്രതിവിധി. ഞാൻ എന്ന ഭാവം ജീവിതത്തിന്റെ വിഷനാശിനിയാണ്. ദൈവത്തെക്കുറിച്ചുള്ള ബോധം നഷ്ടപ്പെടുമ്പോൾ അഹംഭാവം ഹൃദയത്തിൽ നുഴഞ്ഞു കയറും. വെളിച്ചം വരുമ്പോൾ ഇരുട്ട് ഓടി മറയുന്നതുപോലെ ദൈവബോധമുണ്ടായാൽ അഹം ഭാവം ഓടിമറയും.

**കൂട്ടുകാരെ,**

ജീവിതത്തിൽ വിജയമുണ്ടാകുവാൻ ഹൃദയത്തിൽ ദൈവബോധമുണ്ടാകണം. ദൈവബോധമുണ്ടായാൽ അഹം എന്ന ഭാവം ഇല്ലാതാകും. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു ഞാൻ എന്ന ഭാവമാണ്. ആ ശത്രുവിനെ നശിപ്പിക്കുവാൻ ദൃഢമായ ദൈവസാന്നിദ്ധ്യം ഹൃദയത്തിൽ രൂപപ്പെടുത്തുക. നിശ്ചയമായും നന്മയുണ്ടാകും.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം **ആനിച്ചേച്ചി**





# ഭദ്രാസന വാർത്തകൾ

നവംബർ മാസം 1, 2 തീയതികളിൽ ഭക്തിയാദരപൂർവ്വം ആഘോഷിക്കപ്പെടുന്ന പരിശുദ്ധ സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനിയുടെ 111–ാം ഓർമ്മപ്പെരുന്നാളിൽ പങ്കുചേരുവാൻ പ്രാർത്ഥനാപൂർവ്വം നമുക്കൊരുങ്ങാം.

ബാഹ്യകേരള ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 90–ാം ഓർമ്മപ്പെരുന്നാളിൽ ആ പുണ്യവാന്റെ കബറിടം സ്ഥിതിചെയ്യുന്ന പഞ്ചിം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ ഭദ്രാസന വൈദികസംഘത്തിന്റെ നേതൃത്വത്തിലുള്ള തീർത്ഥാടകർ പങ്കെടുത്തു.

കൃപയുടെ 28 സംവത്സരങ്ങൾ പൂർത്തീകരിച്ച് മുന്നേറുന്ന ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ 2012–2013 വർഷത്തെ വാർഷീക പൊതുയോഗം സെപ്റ്റംബർ മാസം 28–ാം തീയതി ശനിയാഴ്ച അനുഗ്രഹ പ്രദമായി നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ വന്ദ്യവൈദികരോടും ഭദ്രാസന പ്രതിനിധികളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

അറത്തിൽ സെന്റ് ജോർജ്ജ് മഹാ ഇടവകയുടെ മുൻവികാരിയും ബഥേൽ ആശ്രമ പ്രസ്ഥാനത്തിന്റെ ഡയറക്ടറുമായ ബഹു. ജേക്കബ് ദാനിയേൽ കത്തനാരുടെ ദേഹവിയോഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം വന്ദ്യ ആചാര്യന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. ബഹു. കെ.ഒ. തോമസച്ചന്റെ വന്ദ്യ മാതാവ് ശ്രീമതി. മറിയാമ്മ ഉമ്മൻ, ഭദ്രാസന പ്രതിനിധി കുരമ്പാല ശ്രീ. പി.തോമസിന്റെ സഹധർമ്മിണി ശ്രീമതി. ചിന്നമ്മ തോമസ് എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു, ദൈവം തമ്പുരാൻ തന്റെ നിത്യകൂടാരത്തിൽ പാർപ്പിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതുതായി പട്ടംകെട്ടപ്പെട്ട ബുധനൂർ സെന്റ് ഏലിയാസ് ഇടവകാംഗം ബഹു. ജാൾസൺ പി. ജോർജ്ജ് കത്തനാർ, ഓതറ സെന്റ് ജോർജ്ജ് ദയറാ അംഗം ബഹു. ബിജു എൻ. ഈപ്പൻ കത്തനാർ എന്നിവരെ ഭദ്രാസന വൈദിക ഗണത്തിലേക്ക് സ്വാഗതം ചെയ്യുന്നു. ബഹു. ജാൾസൺ അച്ചനെ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ അസിസ്റ്റന്റ് വികാരിയായും, ബഹു. ബിജു എൻ. ഈപ്പനച്ചനെ പുലിയൂർ സെന്റ് മേരീസ് & സെന്റ് ജോർജ് പള്ളി വികാരിയായും നിയമിച്ചു.

മർത്തമറിയം വനിതാ സമാജ കേന്ദ്ര പരീക്ഷ ഈ മാസം 20–ാം തീയതി ഞായറാഴ്ച വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെടും. പരീക്ഷക്കു തയ്യാറായിരിക്കുന്ന എല്ലാ പഠിതാക്കളേയും അനുമോദിക്കുന്നു.

പരിശുദ്ധ സഭയുടെ മാനവ ശാക്തീകരണ വിഭാഗം “പെണ്മയുടെ നന്മ” എന്ന ഒരു ത്രൈമാസ പദ്ധതി ഈ വർഷം അവതരിപ്പിക്കുന്നു. 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ഈ ബോധവത്കരണ കർമ്മ പദ്ധതി നമ്മുടെ എല്ലാ ഇടവകകളിലും നടപ്പാക്കണം.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഇടവക 1934–ലെ പരിശുദ്ധ സഭാ ഭരണ ഘടന പ്രകാരം ഭരിക്കപ്പെടേണ്ടതാണെന്നുള്ള സുപ്രധാന വിധി പ്രഖ്യാപനം ബഹു. കേരള ഹൈക്കോടതിയിൽ നിന്നും ലഭിച്ചിരിക്കുന്നു. നമ്മുടെ അനേക വൈദികരും, യുവജനപ്രസ്ഥാന പ്രവർത്തകരും കോലഞ്ചേരി ദേവാലയം സന്ദർശിച്ച് പരിശുദ്ധ ബാവാ തിരുമേനിക്ക് ഭക്തിനിർഭരമായ പിന്തുണ പ്രഖ്യാപിച്ചു. പരിശുദ്ധ സഭയുടെ സമാധാനത്തിനും കെട്ടുറപ്പിനുമായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണം.

പ്രഥമ മെത്രാസന സെക്രട്ടറി ബഹു. പി.ജി. ജോർജ്ജ് അച്ചൻ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടിട്ട് ഒക്ടോബർ 10–ാം തീയതി 14 വർഷം തികയുന്നു. വന്ദ്യ ആചാര്യന്റെ സ്തുത്യർഹ സേവനത്തെ സ്മരിച്ചുകൊണ്ട് ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

യുവജന പ്രസ്ഥാനം ഭദ്രാസന അസംബ്ളി ഒക്ടോബർ മാസം 26–ാം തീയതി ശനിയാഴ്ച അഭിവന്ദ്യ തിരുമനസിന്റെ അദ്ധ്യക്ഷതയിൽ ബഥേൽ അരമനയിൽ നടത്തപ്പെടുന്നു.

*സ്നേഹാദരപൂർവ്വം, കർത്തൃശുശ്രൂഷയിൽ*

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

(ഭദ്രാസന സെക്രട്ടറി)




സഹപ്രവർത്തകരെ,

**അദ്ധ്യാപക പരിശീലനം**

രണ്ട് സോണുകളായി നടത്തപ്പെട്ട അദ്ധ്യാപക പരിശീലനക്ലാസ്സ് വളരെ ഭംഗിയായി ഒക്ടോബർ 2-ാം തീയതി നടത്തപ്പെട്ടു. 330 അദ്ധ്യാപകർ പങ്കെടുത്തത് അഭിമാനകരമായ ഒന്നാണ്. ബഥേൽ അരമന കേന്ദ്രമാക്കി നടത്തപ്പെട്ട ക്ലാസ്സ് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സു കൊണ്ട് ഉത്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ബഹു. ഫാ. ജോസ് തോമസ് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ഇടവങ്കാട് ഡിസ്ട്രിക്ട് പ്രസിഡന്റ് ബഹു. ഫാ. കോരുത് ചെറിയാൻ ധ്യാനം നയിച്ചു. തുടർന്ന് തിയോളജിക്കൽ സെമിനാരി അദ്ധ്യാപകൻ ബഹു. ഫാ. തോമസ്സ് വർഗ്ഗീസ് ചാവടിയിൽ “ബോധനത്തിന്റെ ആദ്ധ്യാത്മികത” എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. ഉച്ചയ്ക്ക് ഞാലിയാക്കുഴി മാർ ബസ്സേലിയോസ് ദയറാംഗം ബഹു. ഫാ. സഖറിയാ നൈനാൻ ക്ലാസ്സ് നയിച്ചു.

കുളനട സെന്റ് ജോർജ്ജ് ചാപ്പൽ കേന്ദ്രമാക്കി നടത്തപ്പെട്ട ക്ലാസ്സ് ഭദ്രാസന സെക്രട്ടറി ബഹു. ഫാ. തോമസ് കൊക്കാപ്പറമ്പിൽ ഉത്ഘാടനം ചെയ്തു. വികാരി ബഹു. ഫാ. ജോൺ പി. ഉമ്മൻ അദ്ധ്യക്ഷത വഹിക്കുകയും ഫാ. ഗീവർഗ്ഗീസ് ശാമുവേൽ (ഉമയാറ്റുകര ഡി. പ്രസിഡന്റ്), ബഹു. ഫാ. സ്റ്റീഫൻ വർഗ്ഗീസ് എന്നിവർ ആശംസാപ്രസംഗം നടത്തുകയും ചെയ്തു. പന്തളം ഡി. പ്രസിഡന്റ് ബഹു. ഫാ. ഐപ്പ് പി. സാം ധ്യാനം നയിച്ചു. തുടർന്ന് കോട്ടയം ഗിരിദീപം കൗൺസിലിംഗ് സൈക്കോളജിസ്റ്റ് ശ്രീമതി മായ സൂസൻ ജേക്കബ് “ഫലപ്രദമായ അദ്ധ്യാപക പഠനം” എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. ഉച്ചയ്ക്ക് ശേഷം ബഹു. ഫാ. തോമസ്സ് വർഗ്ഗീസ് ചാവടിയിൽ “ബോധനത്തിന്റെ ആദ്ധ്യാത്മികത” എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. സമാപന സന്ദേശം ചെങ്ങന്നൂർ ഡി. പ്രസിഡന്റ് ബഹു. ഫാ. കെ.ഒ. തോമസ് നൽകുകയുണ്ടായി. അഭിവന്ദ്യ തിരുമനസ്സിന്റെ സാന്നിദ്ധ്യം രണ്ട് സോണുകളിലും ലഭ്യമായി എന്നത് എടുത്തു പറയാവുന്ന വസ്തുതയാണ്. പങ്കെടുത്ത് സഹകരിച്ച സഹായിച്ച എല്ലാവരോടുമുള്ള നന്ദി കൗൺസിലിനുവേണ്ടി അറിയിക്കട്ടെ.

**സഹപാഠ്യ മത്സരം**

ഭദ്രാസന സഹപാഠ്യ മത്സരം ഒക്ടോബർ 12-ാം തീയതി പുത്തൻകാവ് മെത്രോപ്പോലീത്തൻ ഹയർ സെക്കന്ററി സ്കൂളിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു. വിജയികളായ കുട്ടികൾ നവംബർ 9-ാം തീയതി ശനിയാഴ്ച കോട്ടയം മാർ ബസ്സേലിയോസ് കോളേജിൽ വച്ച് നടത്തപ്പെടുന്ന സെൻട്രൽ സോണൽ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ തക്കവണ്ണം ശ്രദ്ധിക്കേണ്ടതാണ്.

**സണ്ടേസ്ക്കൂൾ ജൂബിലി**

യൂണിറ്റ്, ഡിസ്ട്രിക്റ്റ്, ഭദ്രാസന, മേഖല തലത്തിൽ നടത്തപ്പെടേണ്ട കാര്യങ്ങൾ കേന്ദ്രത്തിൽ നിന്നും വിജ്ഞാപനത്തിൽ കൂടി അറിയിച്ചിട്ടുണ്ടല്ലോ. ആയതിനാൽ പുതിയതായ എന്തെങ്കിലും നടത്തുവാൻ ആഗ്രഹിക്കുന്നവ ജൂബിലിയോട് ബന്ധപ്പെടുത്തി നടത്തപ്പെടേണ്ടതാണ്. വിശദമായ സംഗതികൾ ഭദ്രാസനത്തിൽ നിന്നും അറിയിക്കുന്നതായിരിക്കും.

കർത്തൃശുശ്രൂഷയിൽ

**ജി. വർഗ്ഗീസ് കാവുംപുറത്ത്**

ഭദ്രാസന ഡയറക്ടർ

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഒരുവിശ്വാസി, പന്തളം

## അദ്ധ്യാപക ഏകദിന സമ്മേളനം

ഉമയാറ്റുകര ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക ഏകദിന സമ്മേളനം ഓതറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ വി. കുർബ്ബാന അർപ്പിച്ചു. തിരുമനസ്സുകൊണ്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻ ഡി. പ്രസിഡന്റ് റവ. ഫാ. ഐപ്പ് പി. സാമിന് തിരുമേനി സ്നേഹോപഹാരം നൽകി ആദരിച്ചു. ഭദ്രാസന സണ്ടേസ്കൂൾ സെക്രട്ടറി ശ്രീ. സി.എം. തോമസ് ക്ലാസ്സെടുത്തു. സമാപനസമ്മേളനം ഡി. പ്രസിഡന്റ് റവ. ഫാ. ഗീവർഗ്ഗീസ് ശാമുവേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ജേക്കബ് റ്റി. ഏബ്രഹാം, റവ. ഫാ. ജോസ് തോമസ്, റവ. ഫാ. തോമസ് തേക്കിൽ, റവ. ഫാ. ഫിലിപ്പ് ജേക്കബ്, റവ. ഫാ. ജോസഫ് കുറിയാക്കോസ്, റവ. ഫാ. സഖറിയാ തോമസ്, റവ. ഫാ. എബി സി. ഫിലിപ്പ്, ശ്രീ. ജി. വർഗ്ഗീസ്, ശ്രീ. കെ.എം. മത്തായി, ശ്രീ. എൻ.സി. ചാണ്ടി എന്നിവർ പ്രസംഗിച്ചു.

## ജയിൽ സന്ദർശനം

പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2–ാം തീയതി ലഹരി വിരുദ്ധസന്ദേശം അറിയിക്കുന്നതിന്റെ ഭാഗമായി മാവേലിക്കര സബ് ജയിൽ സന്ദർശിച്ചു. "തെറ്റുകൾ പറ്റാത്തതായി ആരും തന്നെ ഇല്ല എന്നാൽ അത് കണ്ടെത്തി പുതിയ സൃഷ്ടിയായി ജീവിക്കുന്നവനാണ് ദൈവത്തിന് പ്രിയപ്പെട്ടവൻ ആകുന്നത്" എന്ന് ഫാ. ബിജു റ്റി. മാത്യു തന്റെ പ്രസംഗത്തിലൂടെ അറിയിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞയും അലൻ, ജിഷു എന്നിവരുടെ ഗാനാലാപനവും, പ്രാർത്ഥനയും നടത്തി. കെ.ബി. തോമസ്, റിബു ജോൺ വലിയപറമ്പിൽ, ഷിജു പി. ജോയി, കെവിൻ ജി. മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

## പെരുന്നാളിൽ സംബന്ധിച്ചു



ഗോവയിൽ കബറടങ്ങിയിരിക്കുന്ന അഭി. അൽവാറിസ് മാർ യൂലിയോസ് തിരുമേനിയുടെ 90–ാം ഓർമ്മപ്പെരുന്നാളിൽ ചെങ്ങന്നൂർ ഭദ്രാസന വൈദീക സംഘത്തെ പ്രതിനിധീകരിച്ച് പതിനഞ്ച് വൈദികർ സംബന്ധിച്ചു. ബ്രഹ്മവാർ ഭദ്രാസനാധിപൻ അഭി. യാക്കോബ് മാർ ഏലിയാസ് തിരുമേനിയുടെ മംഗലാപുരം മൗണ്ട് ഹോറേബ് അരമനയും വൈദികർ സന്ദർശിച്ചു.

## അഖില മലങ്കര ക്വിസ് മത്സരം

ചെറിയനാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന അഖില മലങ്കര ക്വിസ് മത്സരം 2013 നവംബർ 10–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മുതൽ നടത്തപ്പെടുന്നു. ഒന്നാം സമ്മാനം – എവറോളിംഗ് ട്രോഫിയും 1500 രൂപയും, രണ്ടാം സമ്മാനം – എവറോളിംഗ് ട്രോഫിയും 1000 രൂപയും, മൂന്നാം സമ്മാനം – എവറോളിംഗ് ട്രോഫിയും 750 രൂപയും. വിഷയം: പഞ്ചഗ്രന്ഥങ്ങൾ, മാമോദീസാ, പൊതുവിജ്ഞാനം, A.D 52 മുതൽ A.D 1653 വരെയുള്ള സഭാചരിത്രം. കൂടുതൽ വിവരങ്ങൾക്ക് : സജി (സെക്രട്ടറി) ഫോൺ : 9961653512, സുനിൽ സി. വർഗ്ഗീസ് (വൈസ് പ്രസിഡന്റ്) ഫോൺ : 9745814595. ടീമുകൾ നവംബർ 2 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.




ST. GREGORIOS™

EYE CARE . HOSPITAL . OPTICALS

നേത്രരോഗ ചികിത്സയിൽ ഇന്ത്യയിലും വിദേശത്തും 33 വർഷത്തെ സേവന പരിചയമുള്ള **ഡോ. ജോർജ്ജ് ഫിലിപ്പ്** B.Sc, M.B.B.S, DOMS, F.I.C.A (ex at C.M.C.H. VELLORE, L.F.H. Angamally, M.O.H, OMAN, W.H.O. awarded phase III Ophthalmologist ആരംഭിച്ചിരിക്കുന്ന **St. Gregorios Eye Care Hospital - Opticals** ന്റെ കൂദാശാകർമ്മം ചെങ്ങന്നൂർ ഭദ്രാസനാധിപൻ **അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയും,** ഉദ്ഘാടനം ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ **ശ്രീ. പി.സി. വിഷ്ണുനാഥും** നിർവ്വഹിച്ചു.



പ്രവർത്തനസമയം : 9 A.M TO 1 P.M

AFTERNOON ONLY BY APPOINTMENT

Our Specialities

Fully equipped outpatient department with all modern diagnostic equipments | General Medicine
Glaucoma Clinic | Retina Clinic | Cornea Clinic | Squint Clinic | Catract Clinic
Pediatric Ophthalmology Clinic | Computerised vision testing | Contact Lens Clinic | Modern optical shop

Ground Floor, Malayilkunnathu Building, Opp. Hotel Navarathna, Vellavoor Jn.,MC Road, Chengannur, Ph: 0479 2456999, 8111956999, 8113956999